# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മുരിയാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-ടി.എസ്.ആർ(പി-8)1822/2022.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 03/01/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുരിയാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുരിയാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുരിയാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-ടി.എസ്.ആർ(പി-8)1822/2022. തീയ്യതി: 03/01/2023

## തൃശ്ശൂർ ജില്ലയിലെ മുരിയാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ മുരിയാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-08-2021 മുതൽ 09-10-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ എൻ സതീശൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 14-10-2022 | 21-10-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 14-10-2022 | 21-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സീനത്ത് പി എ,ഓഡിറ്റ് ഓഫീസർ
ശിവദാസൻ എ കെ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
സിജു പി ഡാംസൺ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
സ്റ്റാൻലി പി എസ്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ധന്യ എ സുരേന്ദ്രൻ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ജോസ് ജെ ചിറ്റിലപ്പിള്ളി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ പ്രജീഷ് പി | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഉഷ കെ കെ | അസിസ്റ്റന്റ് എഞ്ചിനീയർ,എൽ എസ് ജി ഡി സെക്ഷൻ | 01-04-2021 | 31-03-2022 |
| ശ്രീമതി രാധിക കെ യു | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.ദീപ പി ഡി | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 01-04-2021 | 31-03-2022 |
| ഡോ ടിറ്റ്സൺ പിൻഹിറോ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ വിജോയ് ജോസഫ് സി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2021 | 31-03-2022 |
| ഡോ ഷീജ സി യു | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2021 | 31-03-2022 |
| ശ്രീമതി ജിബിന എം എം | ഫിഷറീസ് ഓഫീസർ | 01-04-2021 | 11-07-2021 |
| ശ്രീ പ്രമോദ് യു നായർ | ഫിഷറീസ് ഓഫീസർ | 12-07-2021 | 31-03-2022 |
| ശ്രീ കൃഷ്ണകുമാർ എം സി | വി ഇ ഒ,പുല്ലൂർ സർക്കിൾ | 01-04-2021 | 05-10-2021 |
| ശ്രീമതി സിനി ടി എം | വി ഇ ഒ,പുല്ലൂർ സർക്കിൾ | 06-10-2021 | 31-03-2022 |
| ശ്രീ ബാബു ഇ എസ് | വി ഇ ഒ,മുരിയാട് സർക്കിൾ | 01-04-2021 | 06-10-2021 |
| ശ്രീമതി സിനി ടി എം | വി ഇ ഒ,മുരിയാട് സർക്കിൾ അഡീഷണൽ ചാർജ്ജ് | 07-10-2021 | 03-01-2022 |
| ശ്രീമതി ഐശ്വര്യ ടി ബി | വി ഇ ഒ,മുരിയാട് സർക്കിൾ | 04-01-2022 | 31-03-2022 |
| ശ്രീമതി ശ്രീകല ടി എസ് | ഹെഡ് മിസ്ട്രസ്സ് | 01-04-2021 | 31-03-2022 |
| ശ്രീമതി അനില ടി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീ സുരേഷ് കുമാർ കെ എൻ | അസിസ്റ്റന്റ് സെക്രട്ടറി ഇൻ ചാർജ്ജ് | 01-04-2021 | 11-07-2021 |
| ശ്രീമതി പുഷ്പലത പി ബി | അസിസ്റ്റന്റ് സെക്രട്ടറി | 12-07-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പെൻഷനുകൾ | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-10 |
| 11 | വസ്തുനികുതി(റെസിഡെൻഷ്യൽ തൻവർഷം)-ഡിസിബി പത്രിക, വാർഷികകണക്കുകൾ എന്നിവ പൊരുത്തപ്പെടുന്നില്ല | 1-11 |
| 12 | വസ്തുനികുതി-നോൺറെസിഡൻഷ്യൽ (തൻവർഷം )-ഡിസിബി പത്രിക, വാർഷികകണക്കുകൾ എന്നിവ പൊരുത്തപ്പെടുന്നില്ല | 1-12 |
| 13 | വസ്തു നികുതി-റെസിഡൻഷ്യൽ(കുടിശ്ശിക )-ഡിസിബി പത്രിക ,വാർഷികകണക്കുകൾ എന്നിവ പൊരുത്തപ്പെടുന്നില്ല | 1-13 |
| 14 | ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)-ഡിസിബി പത്രികയും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-14 |
| 15 | വസ്തുനികുതി മുൻകൂർ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക-ഡിസിബി പത്രികയും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-15 |
| 16 | വസ്തുനികുതി മുൻകൂർ-ലഭിക്കാത്ത മുൻകൂർ ലഭിച്ചതായി രേഖപ്പെടുത്തി | 1-16 |
| 17 | വസ്തുനികുതി-സമയബന്ധിതമായ ഡിമാന്റ് എൻടി ഇല്ല | 1-17 |
| 18 | വരവ് രജിസ്റ്ററുകൾ- വാർഷികകണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല | 1-18 |
| 19 | മുൻകൂർ ലഭിച്ച തുകകൾ-ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തൽ ഇല്ല | 1-19 |
| 20 | “280000000-Prior Period Item”-വൌച്ചറുകൾ അനുബന്ധ രേഖകൾ ഇല്ല | 1-20 |
| 21 | ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ -ആധികാരിക രേഖകൾ ഇല്ല | 1-21 |
| 22 | തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. | 1-22 |

| | | |
|---|---|---|
| 23 | തിരിച്ചടവ് തുക തെറ്റായ ശീർഷകങ്ങളിൽ ബുക്ക് ചെയ്തതിനാൽ വരവ് ചെലവ് തുകകൾ 55503 രൂപ കൂടുതലായി വാർഷികകണക്കിൽ കാണുന്നു. | 1-23 |
| 24 | വാടക രജിസ്റ്റർ ,വാർഷികകണക്കുകൾ എന്നിവ തമ്മിൽ വ്യത്യാസം | 1-24 |
| 25 | സ്ഥിരനിക്ഷേപം -ഭൌതിക പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 1-25 |
| 26 | നിർവ്വഹണോദ്യഗസ്ഥർക്ക് ആകസ്മിക ചെലവുകൾക്ക് നല്കുന്ന തുകകൾ മുൻകൂർ ശീർഷകത്തിൽ ബുക്ക് ചെയ്യേണ്ടതാണ്. | 1-26 |
| 27 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-27 |
| 28 | വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-28 |
| 29 | ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരേ ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-29 |
| 30 | ബഹു.ഹൈക്കോടതി മുമ്പാകെ പരിഗണനയിലിരിക്കുന്ന കേസിന്റെ വിധിക്കു മുമ്പേ 30.12.2017 ലെ കേരള നെൽവയൽ തണ്ണീർത്തട നിയമ ഭേദഗതി ഓർഡിനൻസ് വ്യവസ്ഥകൾ പാലിക്കാതെ പണി പൂർത്തീകരിച്ച വാണിജ്യ കെട്ടിടത്തിന് നമ്പർ അനുവദിച്ചു | 1-30 |
| 31 | പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങളിൽ തുടർ നടപടി സ്വീകരിക്കേണ്ടതാണ്. | 1-31 |
| 32 | എസ്.സി .വിദ്യാർത്ഥികൾക്കുള്ള ലാപ് ടോപ്പുകൾ ജെം പോർട്ടലിൽ നിന്ന് വാങ്ങാതെ ഉയർന്ന വിലയ്ക്ക് ഓപ്പൺ ടെൻഡർ വാങ്ങിയതിന് സർക്കാർ സാധൂകരണം വാങ്ങേണ്ടതാണ്. 930518 ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 1-32 |
| 33 | തുല്യതാ പഠനത്തിന് ഫീസ്. രേഖകളുടെ അടിസ്ഥാനത്തിൽ തുക 9000 രൂപ തടസ്സപ്പെടുത്തുന്നു. | 1-33 |
| 34 | ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 1-34 |
| 35 | വൈകി വെച്ച എഗ്രിമെന്റുകൾക്ക് പിഴ ഈടാക്കിയിട്ടില്ല. | 1-35 |
| 36 | വീട് വാസയോഗ്യമാക്കൽ-എസ്.സി -അഡ്വാൻസ് നൽകി പണി പൂർത്തീകരിച്ചിട്ടില്ല. | 1-36 |
| 37 | ലൈഫ് വായ്പ പദ്ധതി- ജനറൽ വിഭാഗത്തിന്റെ വായ്പ തിരിച്ചടവിലേക്ക് എസ് സി പി വിഹിതത്തിൽ നിന്നും റിക്കവറി | 1-37 |
| 38 | വാട്ടർ അതോറിറ്റി ഡെപ്പോസിറ്റ് വർക്കുകൾ- അപാകതകൾ- | 1-38 |
| 39 | ഗ്രൗണ്ട് വാട്ടർ അതോറിറ്റി ഡെപ്പോസിറ്റ് വർക്കുകൾ- അപാകതകൾ- | 1-39 |
| 40 | ഓഫീസ് നവീകരണം പ്രവൃത്തി ഫൈനൽ ബിൽ തയ്യാറാക്കിയിട്ടില്ല | 1-40 |
| 41 | KSEB ഡെപ്പോസിറ്റ് വർക്ക് -പൂർത്തീകരണവിവരം ലഭ്യമല്ല. | 1-41 |
| 42 | വിനിയോഗവിവരം ഹാജരാക്കിയിട്ടില്ല. | 1-42 |
| 43 | ഫിറ്റ്നെസ് സെന്ററിലേക്ക് ഉപകരണങ്ങൾ -വിതരണരേഖകളില്ല. | 1-43 |

| | | |
|---|---|---|
| 44 | പദ്ധതി രൂപീകരണം-തുക അധികം നൽകി | 1-44 |
| 45 | സ്വയം തൊഴിൽ വനിത വ്യക്തിഗതം-സബ്സിഡി ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-45 |
| 46 | തെരുവുവിളക്ക് സാമഗ്രികൾ വാങ്ങലും പരിപാലനവും-തുക നല്കിയതിലെ അപാകതകൾ- | 1-46 |
| 47 | കൃഷി ഓഫീസറുടെ സ്പെഷൽ ടി എസ് ബി യിലെ നീക്കിയിരിപ്പ്-തുടർനടപടി സ്വീകരിക്കണം | 1-47 |
| 48 | ഗ്രോ ബാഗ് വാങ്ങൽ- ബില്ലിനേക്കാൾ കൂടുതൽ തുക നല്കി - 44,980 രൂപ നിരാകരിക്കുന്നു. | 1-48 |
| 49 | മസ്റ്റർറോളിൽ ഒപ്പിടാത്ത തൊഴിൽ ദിനത്തിനും കൂലി നൽകി. 2790 രൂപയുടെ നഷ്ടം. | 1-49 |
| 50 | തൊഴിലുറപ്പ് പദ്ധതിയിലെ അപാകതകൾ പരിഹരിക്കേണ്ടതാണ് | 1-50 |
| 51 | ഏറ്റവും കുറഞ്ഞ ടെൻഡർ സ്വീകരിച്ചില്ല. ഗ്രാമപഞ്ചായത്തിന് 112200 രൂപയുടെ നഷ്ടം. | 1-51 |
| 52 | പണം മുഴുവൻ കൈമാറിയിട്ടും ഹോമിയോ ഡിസ്പെൻസറിയിലേക്കുള്ള മരുന്നുകൾ മുഴുവൻ ലഭ്യമായിട്ടില്ല. | 1-52 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ഗ്രോ ബാഗ് വാങ്ങൽ- ബിൽ തുകയേക്കാൾ കൂടുതൽ തുക നല്കി 44,980 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു | 3-1 |
| 2 | താഴ്ന്ന ടെൻഡർ നിരസിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയതിനാൽ ലാപ്ടോപ്പ് ഒന്നിന് 4488 പ്രകാരം 25 എണ്ണത്തിന്റെ വിലയായ 112200 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. | 3-2 |
| 3 | മസ്റ്റർറോളിൽ ഒപ്പിടാത്തതിന് തൊഴിൽ കൂലി.2790 രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. | 3-3 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പാ/വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |

| | | |
|---|---|---|
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി,കമ്മിറ്റി തീരുമാനം | 15.03.2021(1) | |
| പ്രതീക്ഷിത വരവ്.ചെലവ് എന്നിവ | വരവ് | ചെലവ് |
| | 348889447/- | 343250000/- |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി,കമ്മിറ്റി തീരുമാനം | 08.03.2022, 1(1) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 251922047 | 246396600/- |

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തിയതി | ലഭിച്ച തിയതി |
|---|---|
| 31-7-2022 | 14.06.2022 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 26168526 |
| വരവ് | 98034201 |
| ആകെ | 124202727 |
| ചെലവ് | 90269664 |
| നീക്കിയിരിപ്പ് | 33933063 |

### 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്പായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 16288464 | 16288464 | 15828127 | 460337 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 12856769 | 12856769 | 11301280 | 1555489 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് -Tied (സ്പിൽ ഓവർ അലോട്ട്മെന്റ്) | 0 | 3546786 | 3546786 | 2508749 | 1038037 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്-Untied (സ്പിൽ ഓവർ അലോട്ട്മെന്റ്) | 0 | 196503 | 196503 | - | 196503 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് -Tied (ബാങ്ക് അക്കൗണ്ട്) | 0 | 5023000 | 5023000 | 1214722 | 3808278 |
| ധനകാര്യകമ്മീഷൻ | 0 | 3412298 | 3412298 | 2602898 | 809400 |

| | | | | | |
|---|---|---|---|---|---|
| ഗ്രാന്റ്-Untied (ബാങ്ക് അക്കൗണ്ട്) | | | | | |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 0 | 15250000 | 15250000 | 7332895 | 7917105 |
| മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് | 0 | 6606247 | 6606247 | 2937981 | 3668266 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 239 | 171737329 | 161 | 62400504 | 78 | 0 | 67% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0 | 1022066 | 1022066 | 1020479 | 1587 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 12516559 | 12516559 | 12516559 | 0 |

## 1-7 ക്ഷേമ പെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 7105200 | 454 |
| വിധവാ പെൻഷൻ | 20267700 | 1235 |
| വാർദ്ധക്യകാലപെൻഷൻ | 32524000 | 2688 |
| വികലാംഗപെൻഷൻ | 1074700 | 272 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1838900 | 111 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 330000 | 17 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17-10-2022 തീയതിയിൽ 3:40PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6946/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആസ്തികൾ പൂർണ്ണമായും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്. സ്റ്റോക്ക് രജിസ്റ്റർ

കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്. വായ്പ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.ആയത് കൃത്യമായി എഴുതി സൂക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ് ))(ഓഡിറ്റ് എൻക്വയറി 20 തീ 20/10/22 ,മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-11 വസ്തുനികുതി(റെസിഡെൻഷ്യൽ തൻവർഷം)-ഡിസിബി പത്രിക, വാർഷികകണക്കുകൾ എന്നിവ പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ-ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

റെസിഡൻഷ്യൽ (തൻവർഷം )

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3367000 | 3359539 | 6844 | 4780 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3367000 | 3359539 | 2865 | *4780 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *(5022/105X100)=4783 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1.ക്രമീകരിച്ച മുൻകൂർ തുക പൊരുത്തപ്പെടുന്നില്ല.

2."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല. (ഓഡിറ്റ് എൻക്വയറി 20 തീ 20/10/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-12 വസ്തുനികുതി-നോൺറെസിഡൻഷ്യൽ (തൻവർഷം )-ഡിസിബി പത്രിക, വാർഷികകണക്കുകൾ എന്നിവ പൊരുത്തപ്പെടുന്നില്ല

നോൺറെസിഡൻഷ്യൽ (തൻവർഷം )

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2580317 | 2557524 | 4921 | 20273 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2580317 | 2529259 | ----- | *20273 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്‌മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *( 21290/105X100)=20276 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1.ക്രമീകരിച്ച മുൻകൂർ തുക,കളക്ഷൻ തുക എന്നിവ പൊരുത്തപ്പെടുന്നില്ല.

2."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല. (ഓഡിറ്റ് എൻക്വയറി 20 തീയ്യതി 20/10/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-13 വസ്തു നികുതി-റെസിഡൻഷ്യൽ(കുടിശ്ശിക )-ഡിസിബി പത്രിക ,വാർഷികകണക്കുകൾ എന്നിവ പൊരുത്തപ്പെടുന്നില്ല

റെസിഡൻഷ്യൽ ( കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 24213 | 21573 | 2655 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *24213 | 21573 | **2655 |
| | *(2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (15476+8536/105x100)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു | (റസീറ്റ് & പേയ്‌മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (2790/105X100)=2657, ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല. (ഓഡിറ്റ് എൻക്വയറി 20 തീ 20/10/22, മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-14 ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)-ഡിസിബി പത്രികയും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ഡിമാന്റ് | ബാക്കി |
|---|---|---|---|---|

| | | തൻ വർഷം | കുടിശ്ശിക | ആകെ | തൻവർഷം | കുടിശ്ശിക | ആകെ | ക്രമീകരിച്ചത് | കുറവ് ചെയ്തത് | തൻ വർഷം | കുടിശ്ശിക | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ് വെയർ പ്രകാരം | റെസിഡൻഷ്യൽ | 171296 | 1237 | 172533 | 170870 | 1087 | 171957 | 383 | | 242 | 135 | 377 |
| | നോൺ-റെസിഡൻഷ്യൽ | 129470 | 6850 | 136320 | 128313 | 590 | 128903 | 254 | | 1017 | 6260 | 7277 |
| | ആകെ | | | 308853 | | | 300860 | 637 | | 7654 | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 310429 | | | 300860 | | | | 302097 | 8332 | | |
| | | 8332+302097 =310429 (2020-21ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 -State Govt . Cess/levies...... ലെഡ്ജർ 2020-21) | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 -State Govt . Cess/ Levies...... ലെഡ്ജർ 2021-22) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

1."സഞ്ചയ" സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള ലൈബ്രറി സെസ്സിന്റെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്വെയറിൽ കണക്കാക്കപ്പെടുന്നില്ല. മാത്രമല്ല തൻവർഷം + കുടിശ്ശിക =ആകെ കണക്കാക്കിയതിലും ഗണിത ക്രിയയിൽ തെറ്റ് സംഭവിച്ചിട്ടുണ്ട്.

2.ഡിമാന്റ്, കളക്ഷൻ, മുൻകൂർ ക്രമീകരിച്ചത് എന്നിവ വാർഷികകണക്കും ഡിസിബിയുമായി പൊരുത്തപ്പെടുന്നില്ല.

3.തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരവും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരവും 300860 രൂപയാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State Govt Cesses/levies In Property Tax Control Account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് 302097 രൂപയാണ്.
(ഓഡിറ്റ് എൻക്വയറി 20, തീ.20/10/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-15 വസ്തുനികുതി മുൻകൂർ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക-ഡിസിബി പത്രികയും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2022ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ" സോഫ്റ്റ്വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര. നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള തുകകൾ (Balance Of Previous Year Remitted Advance Tax After Adjustment ) എന്ന കോളം പ്രകാരം |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 4154 | 293389 |
| 2 | 350410104-Advance Collection Of Revenues -Property Tax On Non-Residential Building | 2396 | 40530 |

(ഓഡിറ്റ് എൻക്വയറി 20 തീ 20/10/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-16 വസ്തുനികുതി മുൻകൂർ-ലഭിക്കാത്ത മുൻകൂർ ലഭിച്ചതായി രേഖപ്പെടുത്തി

തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൗണ്ട് പരിശോധിച്ചു. അതിൽ 5054രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായോ ലഭിച്ചതല്ല എന്നും "Prior Period Items" എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു. ഇപ്രകാരം ജേണൽ വൗച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൗച്ചറുകളും, വർക്ക്ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ് വരുത്തിയ വൗച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1 റെസിഡൻഷ്യൽ

| ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|
| 42100402 | 31/3/22 | 2658 |

2 നോൺ-റെസിഡൻഷ്യൽ

| ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|
| 42100403 | 31/3/22 | 2396 |

(ഓഡിറ്റ് എൻക്വയറി 20 തീ 20/10/22, മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-17 വസ്തുനികുതി-സമയബന്ധിതമായ ഡിമാന്റ് എൻട്രി ഇല്ല

1/4/2021 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2021-22 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2021-22 വർഷത്തിൽ മുരിയാട് ഗ്രാമപഞ്ചായത്തിൽ 190 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2021-22 ലെ "110100101-Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തെ ഡിമാന്റ് 2 തവണ മാത്രം (1/4/21, 14/2/22 എന്നീ തീയ്യതികളിൽ) രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി 20 തീ 20/10/22, മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-18 വരവ് രജിസ്റ്ററുകൾ- വാർഷികകണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. മറിച്ച് വാർഷികകണക്കിലെ വിവിധ പത്രികകളിലെ വർഷാന്ത്യ തുകകൾ രജിസ്റ്ററിൽ ചേർത്ത് ഓഡിറ്റിന് ഹാജരാക്കുകയാണ് ചെയ്തിരിക്കുന്നത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3.ഡി.&ഒ ഡിമാന്റ് രജിസ്റ്റർ
(ഓഡിറ്റ് എൻക്വയറി 20 തീ 20/10/22, മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-19 മുൻകൂർ ലഭിച്ച തുകകൾ-ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തൽ ഇല്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്ര. നം. | വരുമാനം | മുൻകൂർ ശീർഷകം | 31/3/2022 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | ഡി &ഒ | 350410301-Advance Collection Of Revenues-Licence Fees For Dangerous And Offensive Trades | 189600 |
| 2. | വാടക | 350410401-Advance Collection Of Revenues-Rent From Building | 48000 |
| 3. | തൊഴിൽ നികുതി | 350410102- Advance Collection Of Revenues-Profession Tax/Institution /Professionals/Traders/ | 2800 |
| 4. | ലൈവ് സ്റ്റോക്ക് | 350410303-Advance Collection Of Revenues-Live Stock Farm Licences | 500 |

(ഓഡിറ്റ് എൻക്വയറി 20 തീ 20/10/22, മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-20 “280000000-Prior Period Item”-വൌച്ചറുകൾ അനുബന്ധ രേഖകൾ ഇല്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2022ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | 1314 |
| 280100104-Prior Period Income-Property Tax On Non Residential Buildings | 31456 |
| 280200401- Prior Period Income-Other Income | (122945) |
| 280100102-Prior Period Income-Profession Tax-Institutions/Professionals/Traders | (2740) |
| 280200201- Prior Period Income-Licence Fee | (5750) |
| 280800701-Prior Period- Miscellaneous Expenses | 102085 |

(ഓഡിറ്റ് എൻക്വയറി 20 തീ 20/10/22, മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-21 ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ -ആധികാരിക രേഖകൾ ഇല്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7)ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനം, ക്രമീകരിക്കാനം സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനം, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനം നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 20 തീ 20/10/22, മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-22 തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

| | |
|---|---|
| ഭരണ ചെലവ് | 1020479 |
| തൊഴിലുറപ്പ് കൂലി ചെലവ് (പഞ്ചായത്തിന് വേണ്ടി നിർമ്മിച്ച ആസ്തി ഒഴികെ) | 15545274 |
| ആകെ റവന്യൂ ചെലവ് | 16565753 |
| പഞ്ചായത്തിന് ആസ്തി സൃഷ്ടിച്ചത്* | 959905 |
| ഒട്ടാകെ | 17525658 |

എന്നാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം (ഷെഡ്യൂൾ I-6, I-14(a)) പ്രകാരം വരുമാനവും ചെലവും ആയി ചേർത്തിരിക്കുന്നത് 17,527,245 രൂപയാണ്. ഇതിൽ നിന്നും പഞ്ചായത്തിന് സൃഷ്ടിച്ച ആസ്തി ബാലൻസ്ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല എന്ന് കാണുന്നു.

| ക്ര. നം. | പ്രവൃത്തിയുടെ പേര് | ചെലവ് തുക |
|---|---|---|
| 1 | പാറെക്കാട്ടുകര കാത്രർ ലിങ്ക് റോഡ് -കോൺക്രീറ്റ് | 322930.9 |
| 2 | ഊരകം വെസ്റ്റ്- സാൻജോ നഗർ റോഡ് – കോൺക്രീറ്റ് -ഘട്ടം-1 | 184191 |
| 3 | ഊരകം വെസ്റ്റ്- സാൻജോ നഗർ റോഡ് – കോൺക്രീറ്റ് -ഘട്ടം-2 | 343724 |
| 4 | മുരിയാട് സെന്റർ- ചിറക്കപ്പാടം റാമ്പ് | 109058.7 |
| | | 959905. |

(ഓഡിറ്റ് എൻക്വയറി 20 തീ 20/10/22, മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-23 തിരിച്ചടവ് തുക തെറ്റായ ശീർഷകങ്ങളിൽ ബുക്ക് ചെയ്യതിനാൽ വരവ് ചെലവ് തുകകൾ 55503 രൂപ കൂടുതലായി വാർഷികകണക്കിൽ കാണുന്നു.

വികസനഫണ്ട് എസ് സ് പി യുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം ആകെ നിർവ്വഹണോദ്യഗസ്ഥർക്ക് നല്കിയ അലോട്ട്മെന്റ് 11356333 രൂപയും ഇപ്രകാരം അലോട്ട്മെന്റ് ആയി നല്കിയ തുക ചെലവഴിച്ച ശേഷം തൻവർഷം തന്നെ ട്രഷറിയിലേയ്ക്ക് തിരിച്ചടച്ച തുക 55053 രൂപയും ആണ് (സെക്രട്ടറി 26,191 എന്നീ ഭവന പുനരുദ്ധാരണ പ്രോജക്ടുകളിലായി യഥാക്രമം 50,000+5053 രൂപ).ആയതിനാൽ അറ്റ ചെലവ് തുക

11356333-55053 =11301280 രൂപയാണ് രസീറ്റ് & പേയ്മെന്റ് പത്രികയിൽ ഷെഡ്യൂൾ RP 7 ൽ 160100102-എന്ന ശീർഷകത്തിൽ വരവ് ആയി വരേണ്ടത്. എന്നാൽ തിരിച്ചടവ് തുക തിരികെ സ്ഥാപനത്തിലേയ്ക്ക് ലഭിച്ചപ്പോഴും, ആ തുക ട്രഷറിയിലേയ്ക്ക് തിരിച്ചടച്ചപ്പോഴും തെറ്റായി മറ്റ് ശീർഷകങ്ങളിൽ ബുക്ക് ചെയ്തതിനാൽ RP 7 ൽ 160100102-എന്ന ശീർഷകത്തിലും ചെലവ് ബുക്ക് ചെയ്ത ശീർഷകത്തിലും 55503 രൂപ കൂടുതലായി വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി 20 തീ 20/10/22, മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-24 വാടക രജിസ്റ്റർ ,വാർഷികകണക്കുകൾ എന്നിവ തമ്മിൽ വ്യത്യാസം

വാടക ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ ഡിസിബി രജിസ്റ്റർ പ്രകാരവും വാർഷികകണക്ക് പ്രകാരവും വ്യത്യാസപ്പെട്ടിരിക്കുന്നു.

| | ഡിമാന്റ് | കളക്ഷൻ | | | | | ബാക്കി |
|---|---|---|---|---|---|---|---|
| | | തുക പിരിവ് | മുൻകൂർ ക്രമീകരിച്ചത് | ഡെപ്പോസിറ്റ് മുതൽ കൂട്ടിയത് | എഴുതി തള്ളയത്/ഇളവ് നല്കിയത് | ആകെ | |
| രജിസ്റ്റർ പ്രകാരം | 255408 | 255408 | | | | 255408 | ഇല്ല |
| വാർഷികകണക്ക് പ്രകാരം | 255408 | 217608 | | 37800 | | 255408 | ഇല്ല |

ഡെപ്പോസിറ്റ് മുതൽ കൂട്ടിയത് രജിസ്റ്ററിൽ തെറ്റായി തൻവർഷ കളക്ഷൻ ആയാണ് ചേർത്തത്. ഇതിന് പുറമെ സർക്കാർ ഉത്തരവ് പ്രകാരം വാടക ഇളവ് നല്കിയത് കുറച്ചുള്ള തുകയാണ് ഡിമാന്റ് ആയി വാർഷികകണക്കിലും രജിസ്റ്ററിലും ചേർത്തത്. ഇത് ശരിയല്ല.മുഴുവൻ ഡിമാന്റും വാർഷികകണക്കിലും രജിസ്റ്ററിലും ചേർക്കേണ്ടതും കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഡിമാന്റിൽ നിന്നുള്ള കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ വാർഷികകണക്കിൽ പ്രതിഫലിക്കുന്ന രീതിയിൽ രേഖപ്പെടുത്തേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി 20 തീ 20/10/22, മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-25 സ്ഥിരനിക്ഷേപം -ഭൌതിക പരിശോധനയ്ക്ക് ഹാജരാക്കിയില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B12 പ്രകാരം 4500രൂപയുടെ നിക്ഷേപം കാണുന്നു.എന്നാൽ ഇൻവെസ്റ്റ്മെന്റുകൾ ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ എന്നിവ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ അവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. (ഓഡിറ്റ് എൻക്വയറി 20 തീ 20/10/22, മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-26 നിർവ്വഹണോദ്യഗസ്ഥർക്ക് ആകസ്മിക ചെലവുകൾക്ക് നല്കുന്ന തുകകൾ മുൻകൂർ ശീർഷകത്തിൽ ബുക്ക് ചെയ്യേണ്ടതാണ്.

വെറ്റിറനറി സർജന് സ്ഥാപനവുമായി ബന്ധപ്പെട്ട ആകസ്മിക ചെലവുകൾ ചെയ്യുന്നതിന് നല്കിയ തുകയിൽ 31/3/22 ൽ 42545 രൂപ വെറ്റിറനറി സർജന്റെ സ്പെഷൽ ടി എസ് ബി അക്കൗണ്ട് 7230214.....17 ൽ നീക്കിയിരിപ്പ് ഉണ്ട്. എന്നാൽ ഈ തുക ഗ്രാമപഞ്ചായത്തിന്റെ പേരിലുള്ള ട്രഷറി അക്കൗണ്ടിൽ അല്ലാത്തതിനാൽ സ്ഥാപനത്തിന്റെ കണക്കിലെ നീക്കിയിരിപ്പിൽ ഉൾപ്പെട്ടിട്ടില്ല. നിർവ്വഹണോദ്യഗസ്ഥർക്ക് ഇപ്രകാരം നല്കുന്ന തുകകൾ നിർവ്വഹണോദ്യഗസ്ഥർക്കുള്ള മുൻകൂർ ശീർഷകത്തിൽ ബുക്ക് ചെയ്യേണ്ടതും അവരിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ചെലവ് രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ മാത്രമെ ക്രമീകരിക്കാൻ ബാക്കിയുള്ള തുകകൾ നിരീക്ഷിക്കാനാകൂ. തുക നല്കിയപ്പോൾ തന്നെ ചെലവായി രേഖപ്പെടുത്തിയതിനാൽ 2021-22ലെ വാർഷികകണക്കിൽ 42545 രൂപയുടെ ചെലവ് കൂടുതൽ രേഖപ്പെടുത്തുന്നതിനും ഇടവന്നു.

## 1-27 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്. (ഓഡിറ്റ് എൻക്വയറി 20 തീ 20/10/22, മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-28 വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 16509127 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2021-22 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 7764537രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല. (ഓഡിറ്റ് എൻക്വയറി 20 തീ 20/10/22, മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-29 ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരേ ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1) ഗ്രാമപഞ്ചായത്തിന്റെ വാർഡ് 9 പുല്ലൂർ സെന്ററിൽ പ്രവർത്തിക്കുന്ന വിജയ് മീറ്റർ വർക്ക്സ്, സച്ചിൻ എഞ്ചീയറിങ്ങ് വർക്ക്സ്

2) ഗ്രാമ പഞ്ചായത്തിന്റെ ഷോപ്പിങ്ങ് കോംപ്ലക്സ്, വനിതാ വ്യവസായ കേന്ദ്രം എന്നിവയിലെ 6/404, 7/436,7/427, 7/438A, 7/438B മുറികൾ വാടകയ്ക്ക് എടുത്ത് പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന സ്ഥാപനങ്ങൾ

3) കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും,വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും,മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ 1996 പ്രകാരം പട്ടിക 1 ൽ ക്രമ നം. 139 ൽ ഉൾപ്പെട്ട കള്ള് ഷാപ്പുകൾക്ക് ലൈസൻസ് എടുക്കേണ്ടതാണ്. എന്നാൽ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം തൊഴിൽ നികുതി അടവാക്കിയിട്ടുള്ള താഴെ ചേർത്തിരിക്കുന്ന കള്ളുഷാപ്പുകൾക്ക് തൻവർഷം ലൈസൻസ് എടുത്തിട്ടില്ല.

A)ഊരകം കള്ള് ഷാപ്പ്

B)പാറേക്കാട്ടുക്കര കള്ള് ഷാപ്പ്

C)ആനന്ദപുരം കള്ള് ഷാപ്പ്

D)വല്ലക്കുന്ന് കള്ള് ഷാപ്പ്

E)മുരിയാട് കള്ള് ഷാപ്പ്

F)പുളിഞ്ചോട് കള്ള് ഷാപ്പ്

ഗ്രാമപഞ്ചായത്തിലെ മേൽ പറഞ്ഞ സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടു വരുന്നതിനും തൊഴിൽ നികുതി ഈടാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നമ്പർ 25/21.10.2022)

## 1-30 ബഹു.ഹൈക്കോടതി മുമ്പാകെ പരിഗണനയിലിരിക്കുന്ന കേസിന്റെ വിധിക്കു മുമ്പേ 30.12.2017 ലെ കേരള നെൽവയൽ തണ്ണീർത്തട നിയമ ഭേദഗതി ഓർഡിനൻസ് വ്യവസ്ഥകൾ പാലിക്കാതെ പണി പൂർത്തീകരിച്ച വാണിജ്യ കെട്ടിടത്തിന് നമ്പർ അനുവദിച്ചു

ഫയൽ നമ്പർ B3-4377/21, തിയതി 8.07.21 പ്രകാരം പഞ്ചായത്തിന്റെ വാർഡ് XI പുല്ലൂർ വില്ലേജിലെ സർവ്വേ നമ്പർ 567/4, 567/3, 567/2 എന്നിവയിൽ ശ്രീ പോൾ & ഷാജു, മാഞ്ഞൂരാൻ പന്തലിക്കാടൻ, പി ഒ പുല്ലൂർ എന്നവരുടെ ഉടമസ്ഥതയിലുള്ള 4772m$^2$ സ്ഥലത്ത് പൂർത്തീകരിച്ച 1333.8m$^2$ പ്ലിന്ത് ഏരിയയുള്ള വാണിജ്യ കെട്ടിടത്തിന് ഫയൽ നമ്പർ B3-4377/21, തിയതി 8/07/21 പ്രകാരം 465 A,B,C,D,E,F,G എന്നിങ്ങനെ നമ്പർ അനുവദിച്ചിട്ടുണ്ട്.

സർവ്വേ നമ്പർ 567/2,567/4 ഉൾപ്പെട്ട ടിയാന്റെ യഥാക്രമം 0.0611, 0.0148 ഹെക്ടർ ഭൂമി വില്ലേജ് രേഖകളിൽ നിലം എന്ന് രേഖപ്പെടുത്തിയതിനാൽ ടിയാന്റെ കെട്ടിട നിർമ്മാണാനുമതിക്കുള്ള അപേക്ഷ പഞ്ചായത്ത് നിരസിച്ചതിനെ തുടർന്ന് ബഹു ഹൈക്കോടതി മുമ്പാകെ W.P.(C)No.19002 Of 2017 കേസ് ഫയൽ ചെയ്യുകയും 15.06.2017 ന ടിയാന്റെ 05.06.2017 ലെ അപേക്ഷയിന്മേൽ കേരള ലാന്റ് യൂട്ടിലൈസേഷൻ ഉത്തരവ് 1967ക്ലോസ് 6(2) ന്റെ അടിസ്ഥാനത്തിൽ ബഹു ജില്ലാ കളക്ടറോട് ഉത്തരവിറക്കുന്നതിന്, വിധിയാവുകയും ചെയ്തിരുന്നു. ആയതു പ്രകാരം ബി2-16877/17/D.Dis, Dt. 24.03.2018 നമ്പറായി സബ് കളക്ടർ KLU 6(2) പ്രകാരം ടി നിലം എന്നു രേഖപ്പെടുത്തിയ ഭൂമിയിൽ വാണിജ്യ കെട്ടിടം പണിയുന്നതിന് അനുമതി നൽകി ഉത്തരവിറക്കി. എന്നാൽ ടി ഭൂമിയിൽ പണിത കെട്ടിടത്തിന് നമ്പർ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും നിയമാനുസൃതം ലഭിക്കുന്നതിനും തഹസിൽദാരിൽ നിന്ന് വില്ലേജ് രേഖകളിൽ തരം മാറ്റി ലഭിക്കുന്നതിനും 30.12.2017-ലെ കേരള നെൽവയൽ തണ്ണീർത്തട നിയമ ഭേദഗതി വ്യവസ്ഥകൾ ബാധകമായിരിക്കുന്നതാണെന്ന് ഉത്തരവിൽ പറഞ്ഞിരുന്നു. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്ത് 8.05.2019 ന B3-10141/16 നമ്പർ പ്രകാരം 1377.58 പ്ലിന്ത് ഏരിയയുള്ള വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകുകയും ചെയ്തിരുന്നു. കെട്ടിട നമ്പർ അനുവദിക്കുന്നതിന് 30.12.2017-ലെ കേരള നെൽവയൽ തണ്ണീർത്തട നിയമ

ഭേദഗതി വ്യവസ്ഥകൾ ക്ലോസ്27A(3) പ്രകാരം ഭൂമിയുടെ തരം മാറ്റിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണെന്ന് നിബന്ധനയുണ്ടായിരുന്നു.

8.07.21 ലെ ഭൂമിയുടെ തരം മാറ്റിയതിന്റെ രേഖകൾ കൂടാതെ ടിയാൻ സമർപ്പിച്ച കെട്ടിട നമ്പറിനായുള്ള അപേക്ഷയിന്മേൽ ടി രേഖകൾ ഹാജരാക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ആവശ്യപ്പെട്ടിരുന്നു. നമ്പർ അനുവദിക്കാതിരുന്നതിനാൽ ടിയാൻ ബി2-16877/17/D.Dis,Dt. 24.03.2018 നമ്പർ സബ് കളക്ടറുടെ ഉത്തരവിനെതിരെ ബഹു.ഹൈക്കോടതി മുമ്പാകെ W.P(c).No.20608/2018 ആയി കേസ് ഫയൽ ചെയ്തിട്ടുണ്ട്. ടി കേസിന്റെ വിധി വരുന്നതിനു മുമ്പേ കേസിന്റെ അന്തിമ വിധിക്കനുസൃതമായി പ്രവർത്തിക്കാമെന്നും കെട്ടിടം പൊളിച്ച് നീക്കുന്നതടക്കമുള്ള അധികൃതരുടെ ഭാഗത്തു നിന്നുള്ള ഏതൊരു നടപടിക്കുമെതിരേയും യാതൊരു തടസ്സവാദങ്ങളും ഉന്നയിക്കുകയില്ല എന്ന സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് കെട്ടിടത്തിന് നമ്പർ അനുവദിക്കുകയും ചെയ്തു.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നമ്പർ 8/20.12.22) കേരള നെൽവയൽ തണ്ണീർത്തട നിയമ ഭേദഗതി ഓർഡിനൻസിലെ വ്യവസ്ഥകളുടെ പ്രാബല്യത്തിനു (30.12.2017) മുമ്പേ അതായത് 05.06.2017 തിയതിയിൽ ടിയാൻ KLU 1967 പ്രകാരം RDO ക്ക് അപേക്ഷ സമർപ്പിച്ചിരുന്നതിനാൽ മേൽ ഓർഡിനൻസിലെ വ്യവസ്ഥകൾ ബാധകമല്ല എന്ന് നിയമോപദേശം ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് ടിയാന് കെട്ടിട നമ്പർ അനുവദിച്ചതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ബഹു.ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്ന കേസിന്റെ അന്തിമ വിധി പ്രകാരം മാത്രം കെട്ടിട നമ്പർ അനുവദിക്കുന്നതിനാണ് പഞ്ചായത്തിനു ലഭിച്ചിരിക്കുന്ന നിയമോപദേശം. ഇതിനെതിരായാണ് പഞ്ചായത്ത് കെട്ടിടത്തിനു നമ്പറിട്ടു നൽകിയത്.

## 1-31 പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങളിൽ തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

താഴെ ചേർത്തിരിക്കുന്ന പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങളിൽ പഞ്ചായത്ത് സ്വീകരിച്ച തുടർ നടപടികൾ ആരാഞ്ഞ് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നമ്പർ)മറുപടി ലഭ്യമാക്കിയില്ല.

1)22.06.21 ലെ അജണ്ട 8 തീരുമാനം 1- പുല്ലൂർ ആശുപത്രി പരിസരത്ത് PWD റോഡിനോട് ചേർന്ന താൽക്കാലിക കടമുറികളുടെ ലൈസൻസ് നിയമവിധേയമാക്കുന്നതിന് 5 മാസത്തെ കാലാവധി നൽകാൻ തീരുമാനിച്ചു

2)18.08.21 തിയതിയിലെ അജണ്ട 1 തീരുമാനം 2-ഗ്രാമ പഞ്ചായത്ത് ഓഫീസിൽ പ്രവർത്തന രഹിതമായി കിടക്കുന്ന മെഷിനറികൾ മെയിന്റനൻസ് നടത്തുന്നതിനും ഉപയോഗിക്കാതെ കിടക്കുന്ന വസ്തുക്കൾ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനു തീരുമാനിച്ചു.

മേൽ തീരുമാനങ്ങളിൽ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-32 എസ്.സി .വിദ്യാർത്ഥികൾക്കുള്ള ലാപ് ടോപ്പുകൾ ജെം പോർട്ടലിൽ നിന്ന് വാങ്ങാതെ ഉയർന്ന വിലയ്ക്ക് ഓപ്പൺ ടെൻഡർ വാങ്ങിയതിന് സർക്കാർ സാധൂകരണം വാങ്ങേണ്ടതാണ്. 930518 ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റൻസ് സെക്രട്ടറി

പ്രോജക്ട് നമ്പർ-39/22

ആകെ ചെലവ്-930518

പ്രോജക്ട് നമ്പർ-39/22

ആകെ ചെലവ്-930518

ഇതിൽ എസ്.സി.പി വിഹിതമായി 127060 രൂപയും, തനത് ഫണ്ടിനത്തിൽ 22852 രൂപയുമാണ് ഓഡിറ്റ് വർഷം ചെലവിട്ടിട്ടുള്ളത്.

വൗച്ചർ നമ്പർ. 22101436 Dt. 18/03/22 - 127060/-

ബിൽ നമ്പർ. 22832

22-23 ൽ ചെലവിട്ട തുക. 780606 രൂപ എസ്.സി.പി വിഹിതം.
BRN NO. 2223025202190008093 4/07-05-22

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ DA1/363/2019/തസ്വഭവ തിയ്യതി 20-01-20 സർക്കുലർ പ്രകാരം CPRCS ൽ നിന്ന് വിദ്യാർത്ഥികൾക്കുള്ള ലാപ് ടോപ്പുകൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ താഴെ ചേർക്കുന്ന സ്പെസിഫിക്കേഷനിലും, വിലയിലും അധികരിക്കാതെ ഓപ്പൺ ടെൻഡർ വഴി ലാപ് ടോപ്പുകൾ വാങ്ങുന്നതിന് അനുവാദം നൽകി ഉത്തരവായിരുന്നു. ഉബണ്ടു ഓപ്പറേറ്റിംഗ് സിസ്റ്റം ഉള്ള ലാപ് ടോപ്പിന് 22895 രൂപ പരമാവധി വില നിശ്ചയിച്ചിട്ടുണ്ട്.

എന്നാൽ 11/01/2022 ലെ വികേന്ദ്രീകാസൂത്രണ സംസ്ഥാന തല കോഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം 2.4(11)ഖണ്ഡിക 4.69 പ്രകാരം CPRCS ൽ ലാപ്ടോപ്പുകൾ മേൽ നിരക്കിൽ ലഭ്യമല്ലാത്തതിനാൽ പുതുക്കിയ നിരക്ക് നിശ്ചയിക്കാനും ഐ.ടി മിഷൻ ഡയറക്ടർ വില പുതുക്കി നിശ്ചയിക്കുന്ന പ്രകാരം ലാപ് ടോപ്പ് ജെം പോർട്ടലിൽ ലഭിക്കാതെ വരുന്ന സന്ദർഭത്തിൽ മാത്രം ഇ -ടെൻഡറിലൂടെ വാങ്ങാവുന്നതാണ് എന്നും ഉത്തരവായിരുന്നു. ഇതേത്തുടർന്ന് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 28/02/2022 തിയ്യതിയിലെ G.O (Rt) No. 482/2022/LSGD ഉത്തരവ് പ്രകാരം GEM മുഖേന ലാപ് ടോപ്പും അനുബന്ധ സാമഗ്രികളും വാങ്ങണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പുതിയ സ്പെസിഫിക്കേഷൻ ഉത്തരവിൽ ചേർത്തിട്ടുമുണ്ട്. എന്നാൽ ഈ ഉത്തരവ് പരിഗണിക്കാതെ തന്നെ ഗ്രാമപഞ്ചായത്ത് ടെൻഡർ നടപടി സ്വീകരിക്കുകയും ആഡ്കോം സിസ്റ്റംസ് എന്ന സ്ഥാപനത്തിൽ നിന്നും 25 ലാപ് ടോപ്പുകൾ വാങ്ങുകയും ചെയ്തു. 04/03/2022 തിയ്യതിയിലെ 4/1 തീരുമാന പ്രകാരം ഇതിന് പഞ്ചായത്ത് കമ്മിറ്റി അംഗീകാരം നൽകിയിട്ടുണ്ട്. 37478 രൂപ നിരക്കിലുള്ള ടെൻഡറാണ് അംഗീകരിച്ചത്. പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ സൂചിപ്പിച്ചിട്ടുള്ളത് 11/01/2022 ലെ കോഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം എന്നാണ്. പക്ഷേ ഈ കോഡിനേഷൻ കമ്മിറ്റി തീരുമാനത്തിൽ ഐ.ടി മിഷൻ ഡയറക്ടർ ലാപ്ടോപ്പ് ഒന്നിന് വില പുതുക്കി നിശ്ചയിച്ച ശേഷമേ ടെൻഡർ നടപടികൾക്ക് സാധുതയുണ്ടായിരുന്നുള്ളൂ. എന്നാൽ പിന്നീട് GEM വഴി വാങ്ങിയാൽ മതി എന്ന ഉത്തരവോടെ മേൽ കോഡിനേഷൻ തീരുമാനം അപ്രസക്തമാകുകയും ചെയ്തു. മാത്രമല്ല GEM വഴി വാങ്ങിയാൽ മതി എന്ന ഉത്തരവ് നിലിൽക്കെയാണ് സമയം വൈകാനിടയുണ്ട് എന്ന കാരണത്താൽ പഞ്ചായത്ത് കമ്മിറ്റി ഈ തീരുമാനം കൈക്കൊണ്ടിട്ടുള്ളത്. ആയതിനാൽ ഒന്നിന് 37478 രൂപയ്ക്ക് ലാപ് ടോപ്പ് വാങ്ങിയ നടപടിയ്ക്ക് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങേണ്ടതും ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. അതു വരെ 930518 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നമ്പർ.10/20-10-22

## 1-33 തുല്യതാ പഠനത്തിന് ഫീസ്. രേഖകളുടെ അടിസ്ഥാനത്തിൽ തുക 9000 രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ. 45
തുക. 9000
വൗച്ചർ നമ്പർ. 22101321/ 26-03-22

തുല്യത പരീക്ഷ പഠിതാക്കൾക്ക് പരീക്ഷ ഫീസ് ഇനത്തിൽ തനതു ഫണ്ടിൽ നിന്നും ആകെ 9000 രൂപ ചെലവിട്ടിട്ടുണ്ട്. എന്നാൽ ഏതു വിഭാഗം, എത്ര എണ്ണം പഠിതാക്കൾക്കാണ് എന്ന് വ്യക്തമാകുന്ന നടപടിക്രമം ഫയലിൽ ഇല്ല. പഠിതാക്കൾ തുല്യതാ പഠനത്തിന് രജിസ്റ്റർ ചെയ്തു എന്ന് തെളിയിക്കുന്ന രേഖകൾ, പഞ്ചായത്ത് കമ്മിറ്റി തീരുമാനം എന്നിവ ഫയലിൽ ചേർത്തിട്ടില്ല. രേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നതിന് എൻക്വയറി നൽകിയിട്ടും കൃത്യമായ രേഖകൾ ഹാജരാക്കുന്നതിന് നിർവ്വഹണോദ്യോഗസ്ഥന് കഴിയാത്ത സാഹചര്യത്തിൽ 9000 രൂപ ചെലവിട്ടത് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
(എൻക്വയറി നമ്പർ.1/14-10-22)

## 1-34 ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

വിവിധ പദ്ധതികളിലായി താഴെ ചേർക്കും പ്രകാരം ഭവന പദ്ധതികൾക്ക് വിവിധ ഗഡുക്കളായി ധനസഹായം അനുവദിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് വർഷത്തിൽ പദ്ധതി പൂർത്തീകരിച്ചതായി കാണുന്നില്ല. പദ്ധതി പൂർത്തീകരണം സംബന്ധിച്ച തുടർനടപടികൾ കൃത്യമായി വിലയിരുത്തേണ്ടതും പദ്ധതികൾ ലക്ഷ്യം കാണുന്നു എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.
എ)നിർവ്വഹണോദ്യോഗസ്ഥൻ-വി.ഇ.ഒ, മുരിയാട്

| ക്രമ നം. | പ്രോജക്ട് നം./പേര് | ഗുണഭോക്താവിന്റെ പേര് | അനുവദിച്ച തുക |
|---|---|---|---|
| 1 | 22/22, അഗതി രഹിത കേരളം(എസ്.സി) | ദീപ ബാബു, വേഴേക്കാടൻ, മുരിയാട് | 200000 |
| 2 | 15/22, ലൈഫ് പദ്ധതി (എസ്.സി) | ശാരദ ബാബു, വെള്ളാരംകണ്ണി മുരിയാട് | 300000 |

ബി)നിർവ്വഹണോദ്യോഗസ്ഥൻ-വി.ഇ.ഒ, പുല്ലൂർ

| ക്രമ നം. | പ്രോജക്റ്റ് നം./പേര് | ഗുണഭോക്താവിന്റെ പേര് | അനുവദിച്ച തുക |
|---|---|---|---|
| 1 | 30/22, അഗതി രഹിത കേരളം-ജനറൽ | ഗീത മധു, വലിയവീട്ടിൽ, മുരിയാട് | 350000 |
| 2 | 24/22, ലൈഫ് പദ്ധതി -ജനറൽ | സുകന്യ മഞ്ഞനംകാട്ടിൽ മുരിയാട് | 300000 |

ഭവന നിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (എൻക്വയറി നം.12/20.10.22)

## 1-35 വൈകി വെച്ച എഗ്രിമെന്റുകൾക്ക് പിഴ ഈടാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ-അസിസ്റ്റന്റ് എഞ്ചിനീയർ

താഴെ ചേർക്കുന്ന പ്രവൃത്തികളിൽ സെലക്ഷൻ നോട്ടീസിൽ തിയ്യതി ചേർത്തിട്ടില്ല. ഓഡിറ്റിൽ ഈ പ്രവർത്തികൾക്ക് പഞ്ചായത്ത് കമ്മിറ്റി അംഗീകാരം നൽകിയ തിയ്യതി പരിശോധിച്ചതിൽ കരാർ ഒപ്പു വെയ്ക്കാൻ നിയമാനുസൃതമല്ലാത്ത കാലതാമസം വന്നിട്ടുണ്ട് എന്ന് കാണുന്നു. പി.ഡബ്ല്യു.ഡി മാനുവൽ ഖണ്ഡിക 2009-6-ലെ വ്യവസ്ഥകൾ പ്രകാരം കരാർ അംഗീകരിച്ച് 7 ദിവസങ്ങൾക്കകം സെലക്ഷൻ നോട്ടീസ് നൽകേണ്ടതാണ് എന്നിരിക്കെ തിയ്യതി ചേർക്കാതെ സെലക്ഷൻ നോട്ടീസ് നൽകിയ പ്രവർത്തികളിലും ടെൻഡർ അംഗീകരിച്ച് നിയമാനുസൃത സമയപരിധിക്കകത്ത് എഗ്രിമെന്റ് ഒപ്പിട്ടിട്ടില്ല എന്ന് കാണാവുന്നതാണ്. ഈ സാഹചര്യത്തിൽ സെലക്ഷൻ നോട്ടീസിൽ തിയ്യതി ചേർക്കാതിരിക്കുകയും എന്നാൽ നിശ്ചിത സമയത്തിനകം കരാർ വെയ്ക്കാതെ പിന്നീട് നിയമാനുസൃത പിഴ ഈടാക്കാതെ കരാർ ഒപ്പിടാൻ അനുവദിക്കുകയും ചെയ്തത് നിയമപരമായി നിലനിൽക്കാത്തതിനാൽ പിഴത്തുക ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കി അറിയിക്കേണ്ടതാണ്.

| പ്രോജക്റ്റ് നമ്പർ | പദ്ധതിയുടെ പേര് | പഞ്ചായത്ത് കമ്മിറ്റി തീരുമാനം നമ്പർ, തിയ്യതി | എസ്റ്റിമേറ്റ് പി.എ.സി | കരാറുകാരന്റെ പേര് | എഗ്രിമെന്റ് നമ്പർ തിയ്യതി | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|---|
| 69/22 | എടയാട്ടു മുറി കിണർ റോഡ് റീടാറിംഗ് | 09/12/2021 തീരുമാനം.02/02 | 462468 | ജോൺ ബോസ്കോ | 15/AE/LSGD /MYD/21-22.DT.15 /01/22 | 4624 |
| 171/22 | പുത്തുക്കാട്ടിൽ ടെമ്പിൾ റോഡ് വാർഡ്.12 | 09/12/2021 തീരുമാനം.02/02 | 187431 | ജോൺ ബോസ്കോ | 17/AE/LSGD /MYD/21-22.DT.15 /01/22 | 1874 |
| 174/22 | ആനന്ദപുരം പണ്ടാര മൂല റോഡ് റീടാറിംഗ് | 09/12/2021 തീരുമാനം.02/02 | 102029 | ജോൺ ബോസ്കോ | 18/AE/LSGD /MYD/21-22.DT.15 /01/22 | 1020 |
| | | ആകെ | | | | 7518 |

ഓഡിറ്റ് എൻക്വയറി നമ്പർ. 5/19-10-22

## 1-36 വീട് വാസയോഗ്യമാക്കൽ-എസ്.സി -അഡ്വാൻസ് നൽകി പണി പൂർത്തീകരിച്ചിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ-വി.ഇ.ഒ, പുല്ലൂർ

പ്രോജക്റ്റ് നം.26/22

ബിൽ നം. തിയ്യതി.37/15.01.22-100000/-
മേൽ പദ്ധതി പ്രകാരം വീട് വാസയോഗ്യമാക്കൽ - എസ്.സി പദ്ധതി പ്രകാരം ദേവയാനി വള്ളോൻ, എടത്തിരുത്തിക്കാൻ, പുല്ലൂർ എന്ന ഗുണഭോക്താവിന് അഡ്വാൻസായി 50000/- രൂപ നൽകിയിട്ടുണ്ട്. നാളിതു വരെ പണി പൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയിട്ടില്ല. പണി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-37 ലൈഫ് വായ്പ പദ്ധതി- ജനറൽ വിഭാഗത്തിന്റെ വായ്പ തിരിച്ചടവിലേക്ക് എസ് സി പി വിഹിതത്തിൽ നിന്നും റിക്കവറി

നിർവ്വഹണം- സെക്രട്ടറി

| പ്രോജക്ട് | ചെലവ് വിവരങ്ങൾ | തുക |
|---|---|---|
| 274/22,302/22 -ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (എസ്.സി.പി) സർക്കാർ ഉത്തരവ് പ്രകാരമുള്ള പ്രോജക്ട്.വികസനഫണ്ട് എസ് സി പിയിൽ നിന്ന് കുറവ് ചെയ്തത് | സർക്കാർ ഉത്തരവ് പ്രകാരമുള്ള പ്രോജക്ട്.വികസനഫണ്ട് എസ് സി പിയിൽ നിന്ന് കുറവ് ചെയ്തത്. | 1,02,667 |

ലൈഫ് പദ്ധതിക്കായി SCP ഇനത്തിൽ ഹഡ്കോ വായ്പയിൽ നിന്നും വിഹിതം വെച്ചതായോ തുക ചെലവഴിച്ചതായോ കാണുന്നില്ല (2017-18 മുതൽ 2020-21 വരെ). എസ് സി പി പ്രോജക്ടിൽ വായ്പ വിഹിതം ഇല്ലാത്തതിനാൽ പഞ്ചായത്തിന്റെ വികസന ഫണ്ട് എസ് സി പി ഇനത്തിൽ നിന്ന് വായ്പയിലേക്ക് തിരിച്ചടവിനുള്ള കിഴിവ് നടത്തിയ തുക തിരികെ ലഭിക്കുന്നതിന് ഈ വിവരം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ട് വരുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-38 വാട്ടർ അതോറിറ്റി ഡെപ്പോസിറ്റ് വർക്കുകൾ- അപാകതകൾ-

നിർവ്വഹണം-സെക്രട്ടറി
സർക്കാർ ഉത്തരവ് (കൈ)11/2018 ത.സ്വ.ഭ.വ തീ 29/1/2018 ഖണ്ഡിക 11.2 ഡി(ii) വിലെ നിർദ്ദേശപ്രകാരം നിർമാണ പ്രവൃത്തികൾക്ക് വാട്ടർ അതോറിറ്റിക്ക് എസ്റ്റിമേറ്റ്, സാങ്കേതികാനുമതി എന്നിവയുടെ അടിസ്ഥാനത്തിൽ കരാറിലേർപ്പെട്ടുകൊണ്ട് മുൻകൂർ തുക നല്കാവുന്നതാണ്. എന്നാൽ മേൽ നിർദ്ദേശത്തിന് വിരുദ്ധമായി വാട്ടർ അതോറിറ്റിക്ക് പണം കൈമാറിയിട്ടുണ്ട്. കേരള പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2267, 2100 കേരള പൊതുമരാമത്ത് ഡി കോഡ് ഖണ്ഡിക 167, കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 194 എന്നിവ പ്രകാരം നിർദ്ദേശിച്ച രീതിയിൽ പണി പൂർത്തീകരിക്കുന്ന മുറക്ക് പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് ചുമതലയുണ്ട്. മാത്രമല്ല പണി പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ വിശദമായി ലഭ്യമാക്കാതെ മുൻകൂർ തുക വിനിയോഗിച്ച എന്ന രീതിയിലുള്ള വിനിയോഗ സാക്ഷ്യപത്രമാണ് നിർവ്വഹണ ഏജൻസികൾ നല്കി വരുന്നത്. മേൽ പ്രകാരമുള്ള പൊതു അപാകതകളും മറ്റ് ന്യൂനതകളും കണ്ടെത്തിയ പ്രവൃത്തിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര. നം. | പ്രോജക്ട് | ബിൽ/വൗച്ചർ | തീയ്യതി | തുക | ഓഡിറ്റ് നിരീക്ഷണം. |
|---|---|---|---|---|---|
| 1. | 204/22 മുടിഞ്ഞിൽകുളം കുടിവെള്ള പദ്ധതി | 22101353 | 13/12/21 | 400000 | വാട്ടർ അതോറിറ്റിയുമായുള്ള കരാർ, എസ്റ്റിമേറ്റ് സാങ്കേതികാനുമതി, കൈപ്പറ്റ് രസീത് ഇല്ല. പണി പൂർത്തീകരിച്ചിട്ടില്ല. (500000/-രൂപ 20-21 സാമ്പത്തികവർഷം അടവാക്കിയിട്ടുണ്ട്.) |

| | | | | | |
|---|---|---|---|---|---|
| 2 | 231/22- മുരിയാട് ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിലെ കുടിവെള്ള പദ്ധതികൾ | ബിൽ നം. 31 | 30/03/22 | 600000 | കേരള വാട്ടർ അതോറിറ്റിയുമായി കരാർ ഇല്ല, സാങ്കേതികാനുമതി ഇല്ല, കൈപ്പറ്റ് രസീത് ഇല്ല |
| 3 | 287/22,4സെന്റ് കോളനി കുടിവെള്ള പദ്ധതി | വൗച്ചർ നം. 22100942 | 21.12.21 | 590000/- | കേരള വാട്ടർ അതോറിറ്റിയുമായി കരാർ ഇല്ല, സാങ്കേതികാനുമതി ഇല്ല, കൈപ്പറ്റ് രസീത് ഇല്ല |
| 4 | 153/22, വെള്ളിലംകുന്ന് കുടിവെള്ള പദ്ധതി | 22101353 | 30/03/22 | 200000/- | കേരള വാട്ടർ അതോറിറ്റിയുമായി കരാർ ഇല്ല, സാങ്കേതികാനുമതി ഇല്ല, കൈപ്പറ്റ് രസീത് ഇല്ല |
| | | | | 1790000/- | |

പ്രവൃത്തി പൂർത്തീകരികരണ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി-15/21.10.22). ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

## 1-39 ഗ്രൗണ്ട് വാട്ടർ അതോറിറ്റി ഡെപ്പോസിറ്റ് വർക്കുകൾ- അപാകതകൾ-

നിർവ്വഹണം-സെക്രട്ടറി

സർക്കാർ ഉത്തരവ് (കൈ)11/2018 ത.സ്വ.ഭ.വ തീ 29/1/2018 ഖണ്ഡിക 11.2 ഡി(ii) വിലെ നിർദ്ദേശപ്രകാരം നിർമാണ പ്രവൃത്തികൾക്ക് ഗ്രൗണ്ട് വാട്ടർ അതോറിറ്റിക്ക് എസ്റ്റിമേറ്റ്, സാങ്കേതികാനുമതി എന്നിവയുടെ അടിസ്ഥാനത്തിൽ കരാറിലേർപ്പെട്ടുകൊണ്ട് മുൻകൂർ തുക നല്കാവുന്നതാണ്. എന്നാൽ മേൽ നിർദ്ദേശത്തിന് വിരുദ്ധമായി ഗ്രൗണ്ട് വാട്ടർ അതോറിറ്റിക്ക് പണം കൈമാറിയിട്ടുണ്ട്. കേരള പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2267, 2100കേരള പൊതുമരാമത്ത് ഡി കോഡ് ഖണ്ഡിക 167, കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 194 എന്നിവ പ്രകാരം നിർദ്ദേശിച്ച രീതിയിൽ പണി പൂർത്തീകരിക്കുന്ന മുറക്ക് പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് ചുമതലയുണ്ട്. മാത്രമല്ല പണി പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ വിശദമായി ലഭ്യമാക്കാതെ മുൻകൂർ തുക വിനിയോഗിച്ച എന്ന രീതിയിലുള്ള വിനിയോഗ സാക്ഷ്യപത്രമാണ് നിർവ്വഹണ ഏജൻസികൾ നല്കി വരുന്നത്. മേൽ പ്രകാരമുള്ള പൊതു അപാകതകളും മറ്റ് ന്യൂനതകളും കണ്ടെത്തിയ പ്രവൃത്തിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര. നം. | പ്രോജക്റ്റ് | ബിൽ/വൗച്ചർ | തീയ്യതി | തുക | ഓഡിറ്റ് നിരീക്ഷണം. |
|---|---|---|---|---|---|
| 1 | 225/22-ചേർപ്പ് കുന്നിൽ കുഴൽ കിണർ നിർമ്മാണം | 22101354 | 30.03.2022 | 204000/- | ഗ്രൗണ്ട് വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റ്, സാങ്കേതികാനുമതി,, കൈപ്പറ്റ് രസീത്, പൂർത്തീകരണ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല. |
| 2 | 237/22- മുരിയാട് ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ | ബിൽ നം. 26 | 7/3/22 | 449000/- 5100/- (തനതു ഫണ്ട്) | ഗ്രൗണ്ട് വാട്ടർ അതോറിറ്റിയുമായി കരാർ ഇല്ല, സാങ്കേതികാനുമതി |

| | | | | | |
|---|---|---|---|---|---|
| | ഭൂജല വകുപ്പ് നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതി | | | | ഇല്ല, കൈപ്പറ്റ് രസീത് . ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. |
| 3 | 219/22, വെറ്റിലമൂല കുടിവെള്ള പദ്ധതി | 22101355 | 30/03/22 | 106,000 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റുമായി കരാർ ഇല്ല, സാങ്കേതികാനുമതി ഇല്ല, കൈപ്പറ്റ് രസീത് ഇല്ല |
| | ആകെ | | | 759000 | |

പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി-16/21.10.22)

## 1-40 ഓഫീസ് നവീകരണം പ്രവൃത്തി ഫൈനൽ ബിൽ തയ്യാറാക്കിയിട്ടില്ല

പ്രോജക്റ്റ് നം.288/22
നിർവ്വഹണോദ്യോഗസ്ഥൻ-സെക്രട്ടറി
ബിൽ നം. തി.32/30.03.22-600000/-
ഓഫീസ് നവീകരണത്തിന്റെ ഭാഗമായി 16.03.22 ൽ ആർട്കോയുമായി എഗ്രിമെന്റ് വെക്കുകയും, ഇൻവോയ്സ് നം.742/17.03.22 പ്രകാരം 1131984/- രൂപയുടെ ബിൽ ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. പാർട്ട് ബില്ലായി 600000/- രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. 01.08.18 ലെ എസി3/163/17/തദ്ദേശസ്വയംഭരണ വകുപ്പ് സർക്കുലർ പ്രകാരം അക്രഡിറ്റഡ് ഏജൻസി മുഖേന നിർവ്വഹണം നടത്തുന്ന നിർമ്മാണ പ്രവൃത്തിയുടെ മൂല്യനിർണയം തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയർ വിഭാഗം നടത്തേണ്ടതാണെന്നും നിഷ്കർഷിക്കുന്നു. എന്നാൽ അപ്രകാരം വാല്യുവേഷൻ നടത്തിയായി കാണുന്നില്ല. മാത്രമല്ല ഫസ്റ്റ് &പാർട്ട് ബില്ലിൽ നിന്നും റിടെൻഷൻ പിടിച്ചിട്ടില്ല. പണി പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും നാളിതു വരെ ഫൈനൽ ബിൽ നൽകിയിട്ടില്ല. കൃത്യമായ വാല്യുവേഷൻ നടത്തി ഫൈനൽ ബിൽ തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി-19/22.10.22)

## 1-41 KSEB ഡെപ്പോസിറ്റ് വർക്ക് -പൂർത്തീകരണവിവരം ലഭ്യമല്ല.

സർക്കാർ ഉത്തരവ് (കൈ)11/2018 തദ്ദേശ സ്വയംഭരണ വകുപ്പ് തീ.29/1/2018 ഖണ്ഡിക 11.2 ഡി(ii) വിലെ നിർദ്ദേശപ്രകാരം നിർമാണ പ്രവൃത്തികൾക്ക് കെ.എസ്.ഇ.ബിയുടെ എസ്റ്റിമേറ്റ്, സാങ്കേതികാനുമതി എന്നിവയുടെ അടിസ്ഥാനത്തിൽ കരാറിലേർപ്പെട്ടുകൊണ്ട് മുൻകൂർ തുക നല്കാവുന്നതാണ്. എന്നാൽ മേൽ നിർദ്ദേശത്തിന് വിരുദ്ധമായി കെ എസ് ഇ ബി ക്ക് പണം കൈമാറിയിട്ടുണ്ട്. കേരള പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2267, 2100കേരള പൊതുമരാമത്ത് ഡി കോഡ് ഖണ്ഡിക 167, കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 194 എന്നിവ പ്രകാരം നിർദ്ദേശിച്ച രീതിയിൽ പണി പൂർത്തീകരിക്കുന്ന മുറക്ക് പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് ചുമതലയുണ്ട്. മാത്രമല്ല പണി പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ വിശദമായി ലഭ്യമാക്കാതെ മുൻകൂർ തുക വിനിയോഗിച്ചു എന്ന രീതിയിലുള്ള വിനിയോഗ സാക്ഷ്യപത്രമാണ് നിർവ്വഹണ ഏജൻസികൾ നല്കി വരുന്നത്. മേൽ പ്രകാരമുള്ള പൊതു അപാകതകളും മറ്റ് ന്യൂനതകളും കണ്ടെത്തിയ പ്രവൃത്തിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര. നം. | പ്രോജക്റ്റ് | വൗച്ചർ | തീയ്യതി | തുക | ഓഡിറ്റ് നിരീക്ഷണം. |
|---|---|---|---|---|---|
| 1 | 156/22-വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ മെയിൻ എക്സ്റ്റൻഷൻ | 22101258<br>22101273 | 8.03.2022<br>19.03.2022 | 248884<br>251116<br>(500000/-) | ഇലക്ട്രിക് സെക്ഷൻ പറപ്പൂക്കരക്ക് 248884/-രൂപയും, ഇലക്ട്രിക് സെക്ഷൻ ഇരിഞ്ഞാലക്കുടക്ക് 251116/-രൂപയും നൽകിയിട്ടുണ്ട്. കെ എസ് ഇ ബിയുമായുള്ള കരാർ , |

| | | | | | |
|---|---|---|---|---|---|
| | | | | | സാങ്കേതികാനുമതി, കൈപ്പറ്റ് രസീത്, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഇല്ല. |
| 2 | പോസ്റ്റ് ഷിഫ്റ്റിങ്ങ് | 22101234 | 04.03.22 | 25305 | ഇലക്ട്രിക് സെക്ഷൻ ഇരിഞ്ഞാലക്കുടക്ക് നൽകിയത് കൈപ്പറ്റ് രസീത്, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഇല്ല. |
| 3 | പോസ്റ്റ് ഷിഫ്റ്റിങ്ങ് | 22101092 | 17.02.22 | 67087/- | ഇലക്ട്രിക് സെക്ഷൻ ഇരിഞ്ഞാലക്കുടക്ക് നൽകിയത് കൈപ്പറ്റ് രസീത്, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഇല്ല |

മേൽ പ്രവൃത്തികൾക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി -17/21.10.22)

## 1-42 വിനിയോഗവിവരം ഹാജരാക്കിയിട്ടില്ല.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി തൻവർഷം വിവിധ പദ്ധതികൾക്കായി വിവിധ സ്ഥാപനങ്ങൾക്ക് തുക കൈമാറിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം./പേര് | ബിൽ നം. തി. | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 1/22,ഐ.കെ.എം.വിഹിതം അടവാക്കൽ | 05/05.08.21 | 94260/- | ഐ.കെ.എം -ന് നൽകിയത് |
| 2 | 218/22, ക്യാൻ, തൃശ്ശൂർ | 25/26.02.22 | 96666/- 3334/- | ക്യാൻ തൃശ്ശൂരിന് നൽകിയത് |

മേൽ പ്രകാരം നൽകിയ തുകയുടെ വിനിയോഗവിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി-18/22.10.22)

## 1-43 ഫിറ്റ്നെസ് സെന്ററിലേക്ക് ഉപകരണങ്ങൾ -വിതരണരേഖകളില്ല.

പ്രോജക്റ്റ് നം.306/22

നിർവ്വഹണോദ്യോഗസ്ഥൻ-സെക്രട്ടറി

ബിൽ നം. തി .തുക-31/26.03.22-300000/-

മേൽ പ്രോജക്റ്റ് പ്രകാരം വനിത ഫിറ്റ്നെസ് സെന്ററുകളിലേക്ക് സിൽവർലൈൻ ഫിറ്റ്നെസ് സിസ്റ്റം എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നം. BRB2/B 135/23.03.22 പ്രകാരം 455590/-രൂപയുടെ ഫിറ്റ്നസ് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.എന്നാൽ ഇവ സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമായിട്ടില്ല. തൻവർഷം 300000/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ആയത് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 21/21.10.22 പ്രകാരം എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. തൻവർഷം ചെലവഴിച്ച 3,00,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-44 പദ്ധതി രൂപീകരണം-തുക അധികം നൽകി

പ്രോജക്റ്റ് നം.3/22

നിർവ്വഹണോദ്യോഗസ്ഥൻ-സെക്രട്ടറി

വൗച്ചർ നം. തി- 22101057/07.02.22 – 19666/-

പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ദേശാഭിമാനി ദിനപത്രത്തിന് വിവിധ ഇൻവോയ്സുകൾ പ്രകാരം 19278/- രൂപ നൽകേണ്ടതിന് പകരം 19966/- രൂപ നൽകിയിട്ടുണ്ട്. ആയതിനാൽ അധികം നൽകിയ 688/- തിരികെ ഈടാക്കേണ്ടതാണ്.

## 1-45 സ്വയം തൊഴിൽ വനിത വ്യക്തിഗതം-സബ്സിഡി ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

പ്രോജക്റ്റ് നം.192/22

നിർവ്വഹണോദ്യോഗസ്ഥൻ-വി.ഇ.ഒ, പുല്ലൂർ

വൗച്ചർ നം.

മേൽ പദ്ധതി പ്രകാരം വായ്പ അനുവദിച്ച് കൊണ്ട് ഇന്ത്യൻ ഓവർസീസ് ബാങ്ക് നൽകിയ കത്തിന്റേയും, ഗുണഭോക്താവ് ഹാജരാക്കിയ പ്രോജക്റ്റ് റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ സബ്സിഡി തുക ബാങ്കിന് കൈമാറി. വായ്പ പാസ് ബുക്ക് പരിശോധിച്ചതിൽ സബ്സിഡി തുക ഉൾപ്പെടുത്തിയിട്ടുള്ള തുകക്ക് പലിശ ഈടാക്കിയതായി കാണുന്നു. 120000/- രൂപ വായ്പയെടുത്തതിൽ 64000/- രൂപ മാത്രമാണ് തിരിച്ചടക്കാൻ അവശേഷിക്കുന്നത്. ബാക്കി തുക സബ്സിഡി തുകയും അതിന്മേൽ ലഭിക്കേണ്ട പലിശതുകയിലേക്കും അഡ്ജസ്റ്റ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-46 തെരുവുവിളക്ക് സാമഗ്രികൾ വാങ്ങലും പരിപാലനവും-തുക നല്കിയതിലെ അപാകതകൾ-

നിർവ്വഹണം- സെക്രട്ടറി

| പ്രോജക്റ്റ് | വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 209/22, തെരുവുവിളക്ക് സാമഗ്രികൾ വാങ്ങലും പരിപാലനവും | 0 | | 1374795/ |
| 196/22, തെരുവുവിളക്ക് സാമഗ്രികൾ വാങ്ങലും പരിപാലനവും | | | 399914/- |

മേൽ പ്രോജക്റ്റ് പ്രകാരം തെരുവുവിളക്ക് മെയിന്റനൻസിന് ശ്രീ ഫ്രാങ്ക്ലിൻ സി തോമസ് ന് കരാർ നല്കിയിട്ടുണ്ട്.പ്രോജക്റ്റ് നടത്തിപ്പിൽ താഴെ ചേർത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1.ധനകാര്യ വകുപ്പ് സർക്കുലർ നമ്പർ 18/2019/ധനം തീ 1/3/19 ഖണ്ഡിക 4 പ്രകാരം പൊതുമരാമത്ത് പണികൾ, സാധന, സേവന വിതരണം എന്നിവയ്ക്കുള്ള ടെണ്ടറിൽ പങ്കെടുക്കുന്നവർക്ക് നിർബന്ധമായും ജി.എസ്.ടി രജിസ്റ്റ്രേഷൻ ആവശ്യമാണ്. എന്നാൽ ടെണ്ടർ നിബന്ധനകളിൽ ഇത് പഞ്ചായത്ത് ഉൾപ്പെടുത്തിയിട്ടില്ല. ശ്രീ.ഫ്രാങ്ക്ളിൻ സി തോമസ് ന് ജി എസ് ടി രജിസ്ട്രേഷൻ ഉള്ളതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

## 1-47 കൃഷി ഓഫീസറുടെ സ്പെഷൽ ടി എസ് ബി യിലെ നീക്കിയിരിപ്പ്- തുടർനടപടി സ്വീകരിക്കണം

കൃഷി ഓഫീസർക്ക് സ്ഥാപനവുമായി ബന്ധപ്പെട്ട ആകസ്മിക ചെലവുകൾ ചെയ്യുന്നതിന് നല്കിയ തുകയിൽ 31/3/22 ൽ 54013 രൂപ ടി എസ്.ബി അക്കൗണ്ട് 7230214.....06 ൽ നീക്കിയിരിപ്പ് ഉണ്ട്. എന്നാൽ ഈ തുക ഗ്രാമപഞ്ചായത്തിന്റെ പേരിലുള്ള ട്രഷറി അക്കൗണ്ടിൽ അല്ലാത്തതിനാൽ സ്ഥാപനത്തിന്റെ കണക്കിലെ നീക്കിയിരിപ്പിൽ ഉൾപ്പെട്ടിട്ടില്ല. കൃഷി ഓഫീസറുടെ ക്യാഷ് ബുക്ക് പ്രകാരം ഈ തുകയുടെ വിശദവിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്.

| | | |
|---|---|---|
| 1 | ട്രഷറിയിൽ നിന്നും ട്രാൻസ്ഫർ ചെയ്ത തുകകൾ പലകാരണങ്ങളാൽ 22/7/21-ൽ തിരികെ വന്നത്<br>(EPOC Amount 16663+ 14100) | 30763 |
| 2 | മുൻവർഷങ്ങളിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക | 6500 |
| 3 | ഗുണഭോക്തൃ വിഹിതം ചെലവഴിച്ച ചെക്ക് തുക ക്യാഷ് ചെയ്യാത്തത് (ഈ തുക 4/4/22 ൽ ചെലവായി) | 16750 |
| | 31/3/22 ലെ നീക്കിയിരിപ്പ് | 54013 |

ക്രമനമ്പർ 3 ഒഴികെ ബാക്കി 37263 രൂപ ഏതിനത്തിലാണ് തിരികെ ലഭിച്ചത് എന്ന് ട്രഷറിയുമായി ബന്ധപ്പെട്ട്

പരിശോധിക്കേണ്ടതാണ്. കൃഷി വകുപ്പ് നേരിട്ട് നടത്തുന്ന പദ്ധതികളുടെ തുകയും ഈ അക്കൗണ്ട് വഴിയാണ് കൈമാറുന്നത്. ട്രഷറിയുമായി ബന്ധപ്പെട്ട് ഈ തുകകളുടെ വിവരം പരിശോധിച്ച് വിതരണം ചെയ്യാനുള്ള തുകയാണെങ്കിൽ ആയത് പരിശോധിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതും അല്ലാത്ത പക്ഷം സർക്കാരിലേക്ക് തിരിച്ചടക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി 28 തീ 21/10/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-48 ഗ്രോ ബാഗ് വാങ്ങൽ- ബില്ലിനേക്കാൾ കൂടുതൽ തുക നല്കി - 44,980 രൂപ നിരാകരിക്കുന്നു.

| പ്രോജക്റ്റ് | നിർവ്വഹണം |
|---|---|
| 17/22- പച്ചക്കറി വികസനം- വനിത | കൃഷി ഓഫീസർ |

മേൽ പ്രോജക്റ്റ് പ്രകാരം ഇരിങ്ങാലക്കുട അഗ്രോസർവ്വീസ് സെന്ററിൽ നിന്ന് ഗ്രോ ബാഗ് വാങ്ങിയതിന് സ്ഥാപനം നല്കിയ ബില്ലിനേക്കാൾ 44980/- രൂപ കൂടുതലായി നല്കിയതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഇരിങ്ങാലക്കുട അഗ്രോസർവ്വീസ് സെന്ററിന് നല്കേണ്ടുന്ന തുക | | | അഗ്രോസർവ്വീസ് സെന്ററിന് നല്കിയ തുക | | | |
|---|---|---|---|---|---|---|
| ബിൽനമ്പർ | തീയ്യതി | തുക | വൗച്ചർ നമ്പർ | തീയ്യതി | തുക | കുറിപ്പ് |
| 24 | 17/1/22 | 60000 | 22101170 | 18/1/22 | 79275 | വൗച്ചർ തുക 12500 (റെയ്ഡ്കോ ക്ക് നല്കിയ രൂപ 6625 കൂടി ഉൾപ്പെടെ) |
| 25 | 17/1/22 | 23520 | 22101318 | 26.3.22 | 5875 | |
| 26 | 17/1/22 | 1650 | 22101289 | 24/3/22 | 45000 | വൗച്ചർ തുക 1,00,000 (റെയ്ഡ്കോ ക്ക് നല്കിയ രൂപ 55,000 കൂടി ഉൾപ്പെടെ) |
| 112 | 23/10/21 | 75000 | 22100678 | 26/10/21 | 75000 | |
| ആകെ | | 160170 | | | 205150 | കൂടുതലായി നല്കിയത് =44980 രൂപ |

കൂടുതലായി നല്കിയ 44980രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.ഈ തുക ഇരിങ്ങാലക്കുട അഗ്രോസർവ്വീസ് സെന്ററിൽ നിന്നോ കൂടുതൽ തുക അനുവദിച്ച നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി 75% തുക പദ്ധതി വിഹിതത്തിലേയ്ക്ക് തിരിച്ചടക്കേണ്ടതും ബാക്കി 25% ഗുണഭോക്തൃ വിഹിതം ഗുണഭോക്താക്കൾക്ക് തിരികെ നല്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി 29 തീ 21/10/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-49 മസ്റ്റർറോളിൽ ഒപ്പിടാത്ത തൊഴിൽ ദിനത്തിനും കൂലി നൽകി. 2790 രൂപയുടെ നഷ്ടം.

മസ്റ്റർറോൾ പ്രകാരം ഒപ്പിട്ടതിലും കൂടുതൽ അർദ്ധവിദഗ്ദ്ധ തൊഴിലാളി വേതനം നൽകി. അധികം നൽകിയ തുക ഉത്തരവാദിയായവരിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

പാറെക്കാട്ടുകര പ്രദേശത്തെ കാരൂർ ഇത്തിക്കോത്ത് ഗോവിന്ദപുരം റോഡ് കോൺക്രീറ്റിംഗ്

വർക്ക് കോഡ് നമ്പർ. 1607006003/RC/313079

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

| ക്രമ നമ്പർ | മസ്റ്റർ റോൾ നമ്പർ | തൊഴിലാളിയുടെ പേര് | ഒപ്പിട്ട ദിവസങ്ങൾ | തിയ്യതി |
|---|---|---|---|---|
| 1 | 5620/21-03-22 | അഭിരാമി | 2 | 22/03/22 To 23/03/22 |
| 2 | 5620/21-03-22 | മിനി പ്രസാദ് | 2 | 22/03/22 To 23/03/22 |

| | | | | |
|---|---|---|---|---|
| 3 | 5620/21-03-22 | ഷീജ | 2 | 22/03/22 To 23/03/22 |
| 4 | 5620/21-03-22 | രാധിക | 2 | 22/03/22 To 23/03/22 |
| | ആകെ | | 8 | |

| ക്രമ നമ്പർ | മസ്റ്ററോൾ നമ്പർ | തൊഴിലാളിയുടെ പേര് | ഒപ്പിട്ട ദിവസങ്ങൾ | തിയ്യതി |
|---|---|---|---|---|
| 1 | 5609/21-03-22 | കൃഷ്ണൻ കുട്ടി വേലായുധൻ | 2 | 22/03/22 To 23/03/22 |
| 2 | 5609/21-03-22 | സുമേഷ് കൃഷ്ണൻ | 2 | 22/03/22 To 23/03/22 |
| | ആകെ | | 4 | |

| ക്രമ നമ്പർ | മസ്റ്ററോൾ നമ്പർ | തൊഴിലാളിയുടെ പേര് | ഒപ്പിട്ട ദിവസങ്ങൾ | തിയ്യതി |
|---|---|---|---|---|
| 1 | 5652/23-03-22 | രാധിക | 3 | 25/03/22 To 27/03/22 |
| 2 | 5652/23-03-22 | ഷീജ | 3 | 25/03/22 To 27/03/22 |
| 3 | 5652/23-03-22 | അഭിരാമി | 3 | 25/03/22 To 27/03/22 |
| | | ആകെ | 9 | |

മൂന്ന് മസ്റ്ററോളുകൾ പ്രകാരം ആകെ 21 സെമിസ്കിൽഡ് തൊഴിൽ ദിനങ്ങളാണ് ഉള്ളത്. എന്നാൽ എം ബുക്ക് നമ്പർ.282/2021-22 പേജ് 9 / 30-03-2022 പ്രകാരം 24 ദിവസങ്ങളുടെ തുക കണക്കാക്കി നൽകിയിട്ടുണ്ട്. തുക ആർക്കാണ് നൽകിയത് എന്ന് ഫയലിൽ രേഖയില്ല. അധികം നൽകിയ തുക 3*930= 2790 രൂപ ഉത്തരവാദികളിൽ നിന്ന് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ – 26/21.10.2022)

## 1-50 തൊഴിലുറപ്പ് പദ്ധതിയിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്

തൊഴിലുറപ്പ് പദ്ധതിയിലെ ഓഡിറ്റിൽ താഴെ ചേർക്കും പ്രകാരം അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1. അപൂർണമായി ഫയൽ സൂക്ഷിച്ചിരിക്കുന്നു.

പ്രവർത്തിയുമായി ബന്ധപ്പെട്ട എല്ലാ രേഖകളും കൃത്യമായി ഫയലിൽ സൂക്ഷിക്കുന്നില്ല.

ഉദാ. തറയിലക്കാട് പ്രദേശത്തെ അംഗൻവാടി സബ്റോഡ് കോൺക്രീറ്റിംഗ്

ഈ പ്രവർത്തിയിൽ ആകെ 64 അൺസ്കിൽഡ് തൊഴിൽദിനങ്ങളാണ് ഉള്ളത്. (എം.ബി നം. 272/ 21-22) ഫയലിൽ 46 ദിനങ്ങളുടെ വേജ് ട്രാൻസ്ഫർ ചെയ്ത രേഖകളെ ചേർത്തിട്ടുള്ളൂ.

2.മെറ്റീരിയൽ ബില്ലുകളിൽ സപ്ലൈയറുടെ പേര് ചേർത്തിട്ടില്ല

മെറ്റീരിയൽ സപ്ലൈ ചെയ്യുന്ന അവസരത്തിൽ സപ്ലൈ ചെയ്യുന്ന ആൾ ബയർ എന്ന കാണിച്ചിരിക്കുന്ന ബില്ലാണ് സമർപ്പിക്കുന്നത് . മെറ്റീരിയൽ സപ്ലൈ എവിടെ നിന്നാണ് എന്ന് വ്യക്തമല്ല.

ഉദാ. 1. തറയിലക്കാട് പ്രദേശത്തെ അംഗൻവാടി സബ്റോഡ് കോൺക്രീറ്റിംഗ്

2. പാറെക്കാട്ടുകര പ്രദേശത്തെ കാരൂർ ഇത്തിക്കോത്ത് ഗോവിന്ദപുരം റോഡ് കോൺക്രീറ്റിംഗ്

## 1-51 ഏറ്റവും കുറഞ്ഞ ടെൻഡർ സ്വീകരിച്ചില്ല. ഗ്രാമപഞ്ചായത്തിന് 112200 രൂപയുടെ നഷ്ടം.

പ്രോജക്ട് നമ്പർ.39/22

ആകെ ചെലവ്.930518

ഇതിൽ എസ്.സി.പി വിഹിതമായി 127060 രൂപയും, തനത് ഫണ്ടിനത്തിൽ 22852 രൂപയുമാണ് ഓഡിറ്റ് വർഷമായ 21-22 ൽ ചെലവിട്ടിട്ടുള്ളത്.

വൗച്ചർ നമ്പർ. 22101436 Dt. 18/03/22. 127060

വൗച്ചർ നമ്പർ. 22101274/ 19-03-22 തുക. 22852

22-23 ൽ ചെലവിട്ട തുക. 780606 രൂപ എസ്.സി.പി വിഹിതം.
BRN NO. 2223025202190008O934/07-05-22

നിർവ്വഹണോദ്യോഗസ്ഥ. അസി.സെക്രട്ടറി

മുരിയാട് ഗ്രാമ പഞ്ചായത്തിൽ പട്ടിക ജാതി വിദ്യാർത്ഥികൾക്കുള്ള ലാപ് ടോപ്പിന് ഇ -ടെൻഡർ വിളിക്കുകയും മൂന്ന പേർ ഇ-ടെൻഡർ സമർപ്പിക്കുകയും ചെയ്തു എന്ന് ഫയലിൽ ചേർത്തിട്ടുണ്ട്.

| ക്രമ നമ്പർ | സ്ഥാപനം | ക്വാട്ട് ചെയ്ത തുക |
|---|---|---|
| 1 | Legendary Distributers Pvt Ltd | 37996 |
| 2 | Techno World The IT Store | 32990 |
| 3 | Adcom System | 37478 |

04/03/2022 ന് ചേർന്ന മുരിയാട് പഞ്ചായത്ത് കമ്മിറ്റി യോഗം 4/1 തീരുമാനപ്രകാരം നിലവിലുള്ള സ്പെസിഫിക്കേഷനിൽ അല്ലാത്തതിനാൽ ടെക്നോ വേൾഡിന്റെ ടെൻഡർ നിരസിക്കുകയും തൊട്ടു മുകളിലുള്ള ആഡ്കോം സിസ്റ്റത്തിന്റെ ടെൻഡർ സ്വീകരിക്കുകയും ചെയ്തു.

ഇതിൽ താഴെ ചേർക്കുന്ന രേഖകളുടെ അഭാവത്തിൽ മേൽ തീരുമാനത്തിന്റെ സാധുത പരിശോധിക്കാനായിട്ടില്ല.

1. ടെൻഡർ നോട്ടീസ് ഫയലിൽ ഇല്ല.

നോട്ടീസ് പ്രകാരമുള്ള സ്പെസിഫിക്കേഷൻ എന്തായിരുന്നു എന്ന് നിലവിൽ വ്യക്തതയില്ല

2. ടെക്നോ വേൾഡ് സമർപ്പിച്ച ടെൻഡർ കോപ്പി ഹാജരാക്കിയിട്ടില്ല.

ടെക്നോ വേൾഡ് സ്പെസിഫിക്കേഷനിൽ ആണോ, അല്ലയോ ടെൻഡർ സമർപ്പിച്ചത് എന്നതിന് വ്യക്തതയില്ല.

3. പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിലോ പ്രോക്യൂവർമെന്റ് കമ്മിറ്റി മിനുട്സിലോ ഏറ്റവും കുറഞ്ഞ ടെൻഡർ നിരസിച്ചതിന്റെ കൃത്യമായ വിശദീകരണം ഇല്ല.

അടിസ്ഥാന രേഖകളുടെ അഭാവത്തിൽ മേൽ തീരുമാനത്തിന്റെ വ്യക്തത സാധൂകരിക്കാനായിട്ടില്ല. ഇക്കാര്യത്തിൽ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും നിർവ്വഹണോദ്യോഗസ്ഥന് രേഖകൾ ഹാജരാക്കാൻ കഴിഞ്ഞിട്ടില്ല. അടിസ്ഥാന രേഖകളുടെ അഭാവത്തിൽ 32990 രൂപയുടെ ടെക്നോ വേൾഡിന്റെ താഴ്ന്ന ടെൻഡർ നിരസിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയതിനാൽ ലാപ്ടോപ്പ് ഒന്നിന് 4488 പ്രകാരം 25 എണ്ണത്തിന്റെ വിലയായ 112200 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഓഡിറ്റ് എൻക്വയറി നമ്പർ. 10/20-10-22.

## 1-52 പണം മുഴുവൻ കൈമാറിയിട്ടും ഹോമിയോ ഡിസ്പെൻസറിയിലേക്കുള്ള മരുന്നുകൾ മുഴുവൻ ലഭ്യമായിട്ടില്ല.

പ്രൊജക്ട് നം.-12/22 എന്ന പദ്ധതിക്കുവേണ്ടി രണ്ട് ലക്ഷം രൂപയും, പ്രൊജക്ട് നം.-15/22 എന്ന പദ്ധതിക്കായി ഒരു ലക്ഷം രൂപയും ഹൊംകോ, ആലപ്പുഴ എന്ന സ്ഥാപനത്തിലേക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ഇതുവരെയും മരുന്നുകൾ കൃത്യമായി ലഭിച്ചിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.2ന് ലഭിച്ച മറുപടി പ്രകാരം പ്രൊജക്ട് നം. 13/22 ന്റെ ഭാഗമായി 1,39,077രൂപയുടെയും പ്രൊജക്ട് നം. 15/22ന്റെ ഭാഗമായി 62,616 രൂപയുടെയും മരുന്നുകൾ ലഭിക്കാനുണ്ട്.

സ്ഥാപനവുമായി കത്തിടപാടുകൾ നടത്തിയിട്ടുണ്ടെന്ന് മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ടെങ്കിലും മരുന്നുകൾ ലഭിക്കുവാൻ കാലതാമസം നേരിടുന്നത് ഡിസ്പെൻസറികളുടെ പ്രവർത്തനത്തെ ബാധിക്കുവാൻ സാധ്യതയുണ്ട്.

ആയതിനാൽ എത്രയും പെട്ടെന്ന് മരുന്നുകൾ ലഭ്യമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഗ്രോ ബാഗ് വാങ്ങൽ- ബിൽ തുകയേക്കാൾ കൂടുതൽ തുക നല്കി 44,980 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു

| പ്രോജക്റ്റ് | നിർവ്വഹണം |
|---|---|
| 17/22- പച്ചക്കറി വികസനം – വനിത | കൃഷി ഓഫീസർ |

മേൽ പ്രോജക്റ്റ് പ്രകാരം ഇരിങ്ങാലക്കുട അഗ്രോസർവ്വീസ് സെന്ററിൽ നിന്ന് ഗ്രോ ബാഗ് വാങ്ങിയതിന് സ്ഥാപനം നല്കിയ ബില്ലിനേക്കാൾ 44980 രൂപ കൂടുതലായി നല്കിയതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഇരിങ്ങാലക്കുട അഗ്രോസർവ്വീസ് സെന്ററിന് നല്കേണ്ടുന്ന തുക | | | അഗ്രോസർവ്വീസ് സെന്ററിന് നല്കിയ തുക | | | |
|---|---|---|---|---|---|---|
| ബിൽ നമ്പർ | തീയ്യതി | തുക | വൗച്ചർ നമ്പർ | തീയ്യതി | തുക | കുറിപ്പ് |
| 24 | 17/1/22 | 60000 | 22101170 | 18/1/22 | 79275 | |
| 25 | 17/1/22 | 23520 | 22101318 | 26.3.22 | 5875 | വൗച്ചർ തുക 12500 (റെയ്ഡ്കോക്ക് നല്കിയ രൂപ 6625 കൂടി ഉൾപ്പെടെ) |
| 26 | 17/1/22 | 1650 | 22101289 | 24/3/22 | 45000 | വൗച്ചർ തുക 1,00,000 (റെയ്ഡ്കോക്ക് നല്കിയ രൂപ 55,000 കൂടി ഉൾപ്പെടെ) |
| 112 | 23/10/21 | 75000 | 22100678 | 26/10/21 | 75000 | |
| ആകെ | | 160170 | | | 205150 | കൂടുതലായി നല്കിയത് =44980 രൂപ |

കൂടുതലായി നല്കിയ 44980രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.ഈ തുക ഇരിങ്ങാലക്കുട അഗ്രോസർവ്വീസ് സെന്ററിൽ നിന്നോ കൂടുതൽ തുക അനുവദിച്ച നിർവ്വഹണോദ്യഗസ്ഥനിൽ നിന്നോ ഈടാക്കി 75% തുക പദ്ധതി വിഹിതത്തിലേയ്ക്ക് തിരിച്ചടക്കേണ്ടതും ബാക്കി 25% ഗുണഭോക്തൃ വിഹിതം ഗുണഭോക്താക്കൾക്ക് തിരികെ നല്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി 29 തീ 21/10/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

### 3-2 താഴ്ന്ന ടെൻഡർ നിരസിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയതിനാൽ ലാപ്ടോപ്പ് ഒന്നിന് 4488 പ്രകാരം 25 എണ്ണത്തിന്റെ വിലയായ 112200 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

പ്രോജക്റ്റ് നമ്പർ.39/22

ആകെ ചെലവ്.930518

ഇതിൽ എസ്.സി.പി വിഹിതമായി 127060 രൂപയും, തനത് ഫണ്ടിനത്തിൽ 22852 രൂപയുമാണ് ഓഡിറ്റ് വർഷമായ 21-22 ൽ ചെലവിട്ടിട്ടുള്ളത്.

വൗച്ചർ നമ്പർ. 22101436 Dt. 18/03/22. 127060

വൗച്ചർ നമ്പർ. 22101274/ 19-03-22 തുക. 22852

22-23 ൽ ചെലവിട്ട തുക. 780606 രൂപ എസ്.സി.പി വിഹിതം.
BRN NO. 22230252021900080934/07-05-22

നിർവ്വഹണോദ്യോഗസ്ഥ. അസി.സെക്രട്ടറി

മുരിയാട് ഗ്രാമ പഞ്ചായത്തിൽ പട്ടിക ജാതി വിദ്യാർത്ഥികൾക്കുള്ള ലാപ് ടോപ്പിന് ഇ -ടെൻഡർ വിളിക്കുകയും മൂന്ന പേർ ഇ-ടെൻഡർ സമർപ്പിക്കുകയും ചെയ്തു എന്ന് ഫയലിൽ ചേർത്തിട്ടുണ്ട്.

| ക്രമ നമ്പർ | സ്ഥാപനം | ക്വാട്ട് ചെയ്ത തുക |
|---|---|---|
| 1 | Legendary Distributers Pvt Ltd | 37996 |
| 2 | Techno World The IT Store | 32990 |
| 3 | Adcom System | 37478 |

04/03/2022 ന് ചേർന്ന മുരിയാട് പഞ്ചായത്ത് കമ്മിറ്റി യോഗം 4/1 തീരുമാനപ്രകാരം നിലവിലുള്ള സ്പെസിഫിക്കേഷനിൽ അല്ലാത്തതിനാൽ ടെക്നോ വേൾഡിന്റെ ടെൻഡർ നിരസിക്കുകയും തൊട്ടു മുകളിലുള്ള ആഡ്കോം സിസ്റ്റത്തിന്റെ ടെൻഡർ സ്വീകരിക്കുകയും ചെയ്തു.

ഇതിൽ താഴെ ചേർക്കുന്ന രേഖകളുടെ അഭാവത്തിൽ മേൽ തീരുമാനത്തിന്റെ സാധുത പരിശോധിക്കാനായിട്ടില്ല.

1. ടെൻഡർ നോട്ടീസ് ഫയലിൽ ഇല്ല.

നോട്ടീസ് പ്രകാരമുള്ള സ്പെസിഫിക്കേഷൻ എന്തായിരുന്നു എന്ന് നിലവിൽ വ്യക്തതയില്ല

2. ടെക്നോ വേൾഡ് സമർപ്പിച്ച ടെൻഡർ കോപ്പി ഹാജരാക്കിയിട്ടില്ല.

ടെക്നോ വേൾഡ് സ്പെസിഫിക്കേഷനിൽ ആണോ, അല്ലയോ ടെൻഡർ സമർപ്പിച്ചത് എന്നതിന് വ്യക്തതയില്ല.

3. പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിലോ പ്രോക്യുവർമെന്റ് കമ്മിറ്റി മിനുട്സിലോ ഏറ്റവും കുറഞ്ഞ ടെൻഡർ നിരസിച്ചതിന്റെ കൃത്യമായ വിശദീകരണം ഇല്ല.

അടിസ്ഥാന രേഖകളുടെ അഭാവത്തിൽ മേൽ തീരുമാനത്തിന്റെ വ്യക്തത സാധൂകരിക്കാനായിട്ടില്ല. ഇക്കാര്യത്തിൽ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും നിർവ്വഹണോദ്യോഗസ്ഥന് രേഖകൾ ഹാജരാക്കാൻ കഴിഞ്ഞിട്ടില്ല. അടിസ്ഥാന രേഖകളുടെ അഭാവത്തിൽ 32990 രൂപയുടെ ടെക്നോ വേൾഡിന്റെ താഴ്ന്ന ടെൻഡർ നിരസിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയതിനാൽ ലാപ്ടോപ്പ് ഒന്നിന് 4488 പ്രകാരം 25 എണ്ണത്തിന്റെ വിലയായ 112200 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഓഡിറ്റ് എൻക്വയറി നമ്പർ. 10/20-10-22.

## 3-3 മസ്റ്റർറോളിൽ ഒപ്പിടാത്തതിന് തൊഴിൽ കൂലി.2790 രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

മസ്റ്ററോൾ പ്രകാരം ഒപ്പിട്ടതിലും കൂടുതൽ അർദ്ധവിദഗ്ദ തൊഴിലാളി വേതനം നൽകി. അധികം നൽകിയ തുക ഉത്തരവാദിയായവരിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

പാറെക്കാട്ടുകര പ്രദേശത്തെ കാരൂർ ഇത്തിക്കോത്ത് ഗോവിന്ദപുരം റോഡ് കോൺക്രീറ്റിംഗ്

വർക്ക് കോഡ് നമ്പർ. 1607006003/RC/313079
നി.ഉ.സെക്രട്ടറി

| ക്രമ നമ്പർ | മസ്റ്ററോൾ നമ്പർ | തൊഴിലാളിയുടെ പേര് | ഒപ്പിട്ട ദിവസങ്ങൾ | തിയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 5620/21-03-22 | അഭിരാമി | 2 | 22/03/22 To 23/03/22 |
| 2 | 5620/21-03-22 | മിനി പ്രസാദ് | 2 | 22/03/22 To 23/03/22 |
| 3 | 5620/21-03-22 | ഷീജ | 2 | 22/03/22 To 23/03/22 |
| 4 | 5620/21-03-22 | രാധിക | 2 | 22/03/22 To 23/03/22 |
| | ആകെ | | 8 | |

| ക്രമ നമ്പർ | മസ്റ്ററോൾ നമ്പർ | തൊഴിലാളിയുടെ പേര് | ഒപ്പിട്ട ദിവസങ്ങൾ | തിയ്യതി |
|---|---|---|---|---|
| 1 | 5609/21-03-22 | കൃഷ്ണൻ കുട്ടി വേലായുധൻ | 2 | 22/03/22 To 23/03/22 |
| 2 | 5609/21-03-22 | സുമേഷ് കൃഷ്ണൻ | 2 | 22/03/22 To 23/03/22 |
| | ആകെ | | 4 | |

| ക്രമ നമ്പർ | മസ്റ്ററോൾ നമ്പർ | തൊഴിലാളിയുടെ പേര് | ഒപ്പിട്ട ദിവസങ്ങൾ | തിയ്യതി |
|---|---|---|---|---|
| 1 | 5652/23-03-22 | രാധിക | 3 | 25/03/22 To 27/03/22 |
| 2 | 5652/23-03-22 | ഷീജ | 3 | 25/03/22 To 27/03/22 |
| 3 | 5652/23-03-22 | അഭിരാമി | 3 | 25/03/22 To 27/03/22 |
| | | ആകെ | 9 | |

മൂന്ന് മസ്റ്ററോളുകൾ പ്രകാരം ആകെ 21 സെമിസ്കിൽഡ് തൊഴിൽ ദിനങ്ങളാണ് ഉള്ളത്. എന്നാൽ എം ബുക്ക് നമ്പർ.282/2021-22 പേജ് 9 / 30-03-2022 പ്രകാരം 24 ദിവസങ്ങളുടെ തുക കണക്കാക്കി നൽകിയിട്ടുണ്ട്. തുക ആർക്കാണ് നൽകിയത് എന്ന് ഫലിൽ രേഖയില്ല. അധികം നൽകിയ തുക 3*930= 2790 രൂപ ഉത്തരവാദികളിൽ നിന്ന് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നമ്പർ. 26/21-10-22

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് | 398610/- | 0 | ലൈഫ് | 0 | 398610/- |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | മിഷൻ ഭവന നിർമ്മാണം-ജനറൽ | | |
| ബ്ലോക്ക് പഞ്ചായത്ത് | 101500+ 5238 | | ആശ്രയ ജനറൽ | 0 | 106738/- |
| ബ്ലോക്ക് പഞ്ചായത്ത് | 43126 | | ബയോഗ്യാസ് | 0 | 43126/- |
| ബ്ലോക്ക് പഞ്ചായത്ത് | | | നെൽക്കൃഷിയ്ക്ക് കൂലിച്ചെലവ് | | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 250000/- | 0 | ആശ്രയ -എസ്.സി | | 250000 |
| ബ്ലോക്ക് പഞ്ചായത്ത് | 198991/- | 0 | പട്ടതാകളം | 198991/- | 0 |
| ജില്ലാ പഞ്ചായത്ത് | 1000000/- | 0 | പാറേക്കാട്ട് ലിഫ്റ്റ് ഇറിഗേഷൻ | 0 | 1000000/- |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം. | നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം. / ചെക്ക് നമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | ഭൂജല വകുപ്പ് | 225/22-ചേർപ്പ് കുന്നിൽ കുഴൽ കിണർ നിർമ്മാണം | 22101354/30.03.22 | 204000/- | 0 |
| 2 | ഭൂജല വകുപ്പ് | 237/22- മുരിയാട് ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ ഭൂജല വകുപ്പ് നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതി | 26/07.03.22 | 449000/- 5100/- | 0 |
| 3 | ഭൂജല വകുപ്പ് | 219/22,വെറ്റിലമൂല കുടിവെള്ള പദ്ധതി | 22101355/30.03.2022 | 106,000 | 0 |
| 4 | കെ.എസ്.ഇ.ബി | 156/22-വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ മെയിൻ എകസ്റ്റെൻഷൻ | 22101258/18.03.22 -248884/- 22101273/19.03.22-251116/- | 500000/- | 0 |
| 5 | | പോസ്റ്റ് ഷിഫ്റ്റിങ്ങ് | 22101234/04.03.22 | 25305 | 0 |
| 6 | | പോസ്റ്റ് ഷിഫ്റ്റിങ്ങ് | | 67087/- | 0 |
| 7 | കേരള വാട്ടർ അതോറിറ്റി | 04/22 മുടിഞ്ഞിൽകുളം കുടിവെള്ള പദ്ധതി | 15/13.12.21 | 400000 | 0 |
| 8 | | 211/21-മുരിയാട് ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ കുടിവെള്ള പദ്ധതി | 18/22.12.21 | 590000 | 0 |
| 9 | | 287/22,4സെന്റ് | 18/22.12.22 | 590000/- | 0 |

| | | | | | |
|---|---|---|---|---|---|
| | | കോളനി കുടിവെള്ള പദ്ധതി | | | |
| 10 | | വെള്ളിലകുന്ന് കുടിവെള്ള പദ്ധതി | 22101353/ | 200000/ | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് | -- | | 4767955 | 777334 | - | 3990621 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ബാലൻഷീറ്റ് ഷെഡ്യൂൾ B12 പ്രകാരം 4500/- രൂപയുടെ നിക്ഷേപം കാണുന്നുണ്ട്. ഇൻവെസ്റ്റ്മെന്റ് സംബന്ധിച്ച് വിശദവിവരം ലഭ്യമായിട്ടില്ല. സ്ഥിര നിക്ഷേപം രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2.2 | 2016-17 | 2.2 | മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കാത്തത് സംബന്ധിച്ച് | ന്യൂനത പരിഹാര പത്രിക സമർപ്പിച്ചിട്ടുണ്ട്. |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ലഭ്യമല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 98034201 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 90269664 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 1,60,150 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 12,39,518 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും, ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 44,980 | ശ്രീമതി രാധിക കെ യു,കൃഷി |

| | | | |
|---|---|---|---|
| | | | ഓഫീസർ |
| 3-2 | | 1,12,200 | ശ്രീമതി. പുഷ്പലത.പി.ബി,അസി.സെക്രട്ടറി. |
| 3-3 | | 2,970 | ശ്രീ. പ്രജീഷ്.പി,സെക്രട്ടറി. |
| | ആകെ | 1,60,150 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും, ഉദ്യോഗപ്പേരും |
|---|---|---|
| 1-32 | 9,30,518 | ശ്രീമതി. പുഷ്പലത.പി.ബി,അസി.സെക്രട്ടറി |
| 1-33 | 9,000 | ശ്രീമതി ശ്രീകല ടി എസ്, ഹെഡ്മിസ്ട്രസ്സ് |
| 1-43 | 300000 | ശ്രീ.പ്രജീഷ്.പി, സെക്രട്ടറി |
| ആകെ | 12,39,518 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി രാധിക കെ യു, കൃഷി ഓഫീസർ | മുരിയാട് ഗ്രാമ പഞ്ചായത്ത് | അഴങ്ങാട്ടിൽ വീട്, മാടായിക്കോണം |
| ശ്രീ.പ്രജീഷ്.പി, സെക്രട്ടറി | അളഗപ്പനഗർ ഗ്രാമ പഞ്ചായത്ത് | പരിയാടത്ത് വീട്, നടവരമ്പ്. |
| ശ്രീമതി. പുഷ്പലത.പി.ബി, അസി.സെക്രട്ടറി. | മുരിയാട് ഗ്രാമ പഞ്ചായത്ത് | തുപ്പേക്കുളത്ത് ഹൗസ്.പി.ഒ, തുമ്പൂർ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ക്രമ നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികളുടെ ആകെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്സ് (CAR/CASE /CH/SCH) |
|---|---|---|---|---|---|
| 1 | 1996-97 | LFT8-235/98 10.7.98 | 1 | 30 | SCH |
| 2 | 1999-2000 | LFT16-1378/02 9.11.02/6.02.03 | 1 | 47 | |
| 3 | 2000-01 | LFT16/194/04 11.3.04 | 4 | 4, 5, 6, 7 | |

| | | | | | |
|---|---|---|---|---|---|
| 4 | 2000-01 & 2001-02 (ജനകീയാസൂത്രണം) | LFT16-1730/06 20.2.04 | 7 | 5, 7(3), 10, 11(4), 13 | |
| | | | | 9 | സമാഹൃതം |
| | | | | 16 | |
| 5 | 2001-02 | LFT16-1645/04 1.3.05/7.7.05 | 5 | 2-1, 2-2, 2-3, 3-1, 3-4 | |
| 6 | 2003-04 | LFT16-1894/06 8.2.07/2.8.07 | 1 | 3-11 | |
| 7 | 2004-05 | LFT16-63/09 15.12.09/16.3.10 | 1 | 3-1 | |
| 8 | 2006-07 | LFT16-1765/09 21.12.10 | 1 | 3-6 | |
| 9 | 2007-08 | LFTP3-1919/11 25.12.12 | 2 | 3-8 3-9 | |
| 10 | 2008-09 | LFTP3-1913/11 25.2.12 | 2 | 3-4, 3-9(1 To 10) | |
| 11 | 2009-10 & 2010-11 | LFTP3-1641/12 5.3.13/5.7.13 | 6 | 3-3 | |
| | | | | 3-4, 3-14(a,b), 3-15, 3-17, 3-18 | |
| 12 | 2011-12 | LFTP7-971/13 22.11.13/8.1.14 | 3 | 2-8 | CAR |
| | | | | 3-7, 3-8 | |
| 13 | 2012-13 | LFTP7-380/14 16.9.14/4.12.14 | 3 | 3-6, 3-8 (2,5,6,9,10,11), 3-9 | |
| 14 | 2013-14 | KSA-TSR-P7-1273/15 4.11.15/16.11.15 | 3 | 2-4, 3-8, 3-14 | |
| 15 | 2014-15 | KSATSRP7-998/16 23.6.16 | 3 | 2-2 | CAR |
| | | | | 3-2, 3-6 | |
| 16 | 2015-16 | KSATSRP3-1734/16 22.11.16 | 1 | 3-2 | |
| 17 | 2016-17 | KSATSRP7-1644/17 24.11.17/7.12.17 | 3 | 3-2, 3-4, 3-6 | |
| 18 | 2017-18 | KSATSRP7-445/19 3.4.19 | 6 | 2-2, 2-6, 3-6, 3-8(1,3), 3-11, 3-12 | |
| 19 | 2018-19 | KSATSR(P7)-1763/2019 | 23 | 1-11, 1-12, 1-13, 1-14, 1-15, 1-16, | |

| | | | | | | |
|---|---|---|---|---|---|---|
| | | | 17.12.19/29.05.20 | | 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-26, 1-27, 1-28, 1-29, 1-30, 1-31, 1-32, 1-33 | |
| | 20 | 2019-20 | KSATSR(P8)-1240/2021 16.2.22/10.03.22 | 43 | 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-26, 1-27, 1-28, 1-29, 1-30, 1-31, 1-32, 1-33, 1-34, 1-35, 1-36, 1-37, 1-38, 1-39, 1-40, 1-41, 1-42, 1-43, 1-44, 1-45, 1-46, 1-47, 1-48, 1-49, 1-50, 1-51, 1-52, 1-53 | |
| | 21 | 2020-21 | KSATSR(P8)-1241/2021 17.02.21 | 54 | 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-26, 1-27, 1-28, 1-29, 1-30, 1-31, 1-32, 1-33, 1-34, 1-35, 1-36, 1-37, 1-38, 1-39, 1-40, 1-41, 1-42, 1-43, 1-44, 1-45, 1-46, 1-47, 1-48, 1-49, 1-50, 1-51, 1-52, 1-53, 1-54, 1-55, 1-56, 1-57, 1-58, 1-59, 1-60,1 -61, | |

| | | | | | |
|---|---|---|---|---|---|
| | | | | 1-62, 1-63, 1-64 | |
| | ആകെ | | 173 | | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ മുരിയാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ മുരിയാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്